ഭാരത സർക്കാർ

നിയമ മന്ത്രാലയം

# 1894-ലെ വസ്തു ആർജ്ജനം ആക്റ്റ്

**(1894-ലെ 1-ാം ആക്റ്റ്)**

(1988 ജൂൺ 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

## Land Acquisition Act, 1894

**(Act 1 of 1894)**

(As on 1st June, 1988)

വില : രൂപ 10

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം മണ്ണന്തല ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

1993

# ആമുഖം

1988 ജൂൺ 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1894-ലെ വസ്തു ആർജ്ജനം ആക്ടിന്റെ (1894-ലെ 1-ാം ആക്ട്) മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1989 ജൂൺ 12-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസററ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം 1-ാം നമ്പരായി 1 മുതൽ 24 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ 1973-ലെ ആധികാരിക പാഠം (കേന്ദ്ര നിയമങ്ങൾ) ആക്ട് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിനുമേൽ അത് ആ ആക്ടിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ന്യൂഡൽഹി,
12-6-1989.

വി. എസ്. രമാദേവി,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

# PREFACE

This edition of the Land Acquisition Act, 1894 (Act No. 1 of 1894) as on 1st June, 1988 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI Section I Vol. I No. I dated 12th June, 1989 on pages 1 to 24.

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

New Delhi,
12-6-1989.

V. S. REMADEVI,
*Secretary to the Government of India.*

GPM. 3/77/92.

# 1894-ലെ വസ്തു ആർജ്ജനം ആക്ട്

(1894-ലെ 1-ാം ആക്ട്)

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ | പേജ്

### ഭാഗം I

#### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ... 1
2. റദ്ദാക്കൽ .. 1
3. നിർവചനങ്ങൾ .. 1

### ഭാഗം II

#### ആർജ്ജനം

##### പ്രാരംഭ അന്വേഷണം

4. പ്രാരംഭ വിജ്ഞാപനം പ്രസിദ്ധീകരിക്കലും അതിന്മേൽ ഉദ്യോഗസ്ഥൻമാർക്ക് ലഭിക്കുന്ന അധികാരങ്ങളും .. 4
5. നഷ്ടത്തിന് തുക കൊടുക്കൽ .. 5

##### ആക്ഷേപങ്ങൾ

5ക. ആക്ഷേപങ്ങളുടെ ഹിയറിംഗ് .. 5

##### ആർജ്ജിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന പ്രഖ്യാപനം

6. പൊതു ആവശ്യത്തിന് വസ്തു ആവശ്യമുണ്ട് എന്ന പ്രഖ്യാപനം .. 5
7. പ്രഖ്യാപനം പുറപ്പെടുവിച്ചശേഷം വസ്തു ആർജ്ജിക്കുന്നതിന് കളക്ടർ നടപടി സ്വീകരിക്കണമെന്ന് .. 7
8. വസ്തു അടയാളപ്പെടുത്തുകയും അളക്കുകയും അതിന്റെ പ്ലാൻ തയ്യാറാക്കുകയും ചെയ്യണമെന്ന് .. 7
9. താത്പര്യമുള്ള ആളുകൾക്ക് നോട്ടീസ് .. 7
10. പേരുകളും താത്പര്യങ്ങളും സംബന്ധിച്ച പ്രസ്താവന നൽകാൻ ആവശ്യപ്പെടാനും അവ കൊടുപ്പിക്കുന്നതിനുമുള്ള അധികാരം .. 7

##### അളവിനേയും വിലയേയും തേർച്ചകളേയുംപററി കളക്ടറുടെ അന്വേഷണ വിചാരണയും അവാർഡും

11. കളക്ടറുടെ അന്വേഷണ വിചാരണയും അവാർഡും .. 8
11ക. ഒരു അവാർഡ് ഏത് കാലയളവിനകം പാസ്സാക്കണമെന്ന് .. 9
12. കളക്ടറുടെ അവാർഡ് എപ്പോൾ അന്തിമമായിരിക്കുമെന്ന് .. 9
13. അന്വേഷണ വിചാരണ മാററിവയ്ക്കൽ .. 9
13ക. കൈത്തെററുകളുടെയും മററും തിരുത്തൽ .. 9
14. സാക്ഷികളെയും പ്രമാണങ്ങളെയും സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനുമുള്ള അധികാരം .. 9
15. പരിഗണിക്കേണ്ടതും പരിഗണിക്കേണ്ടതല്ലാത്തതുമായ കാര്യങ്ങൾ .. 10
15ക. രേഖകൾ മുതലായവ ആവശ്യപ്പെടുന്നതിനുള്ള അധികാരം .. 10

##### കൈവശം എടുക്കൽ

16. കൈവശം എടുക്കുവാനുള്ള അധികാരം .. 10
17. അത്യാവശ്യ കാര്യങ്ങളിൽ പ്രത്യേക അധികാരം .. 10

### ഭാഗം III

#### കോടതിക്ക് റഫർ ചെയ്യലും അതിനുള്ള നടപടി ക്രമവും

18. കോടതിക്ക് റഫർ ചെയ്യൽ .. 11
19. കളക്ടർ കോടതിക്ക് നൽകേണ്ട വിവരണ പത്രിക .. 12
20. നോട്ടീസ് നടത്തൽ . 12
21. നടപടികളുടെ വ്യാപ്തി എത്രമാത്രമെന്ന് .. 13
22. നടപടികൾ തുറന്ന കോടതിയിൽ വച്ചായിരിക്കണമെന്ന് . 13
23. നഷ്ടപരിഹാരത്തിന് നിശ്ചയിക്കുമ്പോൾ പരിഗണിക്കേണ്ട കാര്യങ്ങൾ .. 13
24. നഷ്ട പരിഹാരത്തുക കണക്കാക്കുമ്പോൾ പരിഗണിക്കേണ്ടാത്ത കാര്യങ്ങൾ . 14
25. കോടതി അനുവദിക്കുന്ന നഷ്ടപരിഹാരത്തുക കളക്ടർ അനുവദിച്ച തുകയേക്കാൾ ചെറുതാകാൻ പാടില്ലെന്ന് .. 14
26. അവാർഡുകളുടെ ഫാറം . 14
27. കോടതിച്ചെലവുകൾ .. 14
28. അധിക നഷ്ട പരിഹാരത്തുകയിൻമേൽ പലിശ കൊടുക്കാൻ നിർദ്ദേശിക്കാമെന്ന് .. 15
28ക. കോടതിയുടെ അവാർഡിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക പുനർ നിർണ്ണയം ചെയ്യൽ .. 15

വകുപ്പുകൾ — പേജ്

### ഭാഗം IV

### നഷ്ടപരിഹാരത്തുക വീതിച്ചെടുക്കൽ

29. വീതിച്ചെടുക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കണമെന്ന് .. 16
30. വീതിച്ചെടുക്കൽ സംബന്ധിച്ച തർക്കം .. 16

### ഭാഗം V

### പണം കൊടുക്കൽ

31. നഷ്ടപരിഹാരത്തുക നൽകുകയോ അതു കോടതിയിൽ കെട്ടിവയ്ക്കുകയോ ചെയ്യൽ .. 16
32. അന്യാധീനപ്പെടുത്താൻ ക്ഷമതയില്ലാത്ത ആളുകളുടെ വസ്തു സംബന്ധിച്ച് കെട്ടിവച്ചിട്ടുള്ള തുകയുടെ നിക്ഷേപം .. 17
33. മററു സംഗതികളിൽ കെട്ടിവച്ച തുകകളുടെ നിക്ഷേപം .. 17
34. പലിശ കൊടുക്കൽ .. 18

### ഭാഗം VI

### വസ്തു കുറച്ചു കാലത്തേക്ക് കൈവശം എടുക്കൽ

35. തരിശുഭൂമിയോ കൃഷിയോഗ്യമായ ഭൂമിയോ കുറച്ചു കാലത്തേക്ക് കൈവശം എടുക്കൽ—നഷ്ട പരിഹാരത്തുകയിൽ വ്യത്യാസമുള്ളപ്പോൾ ഉള്ള നടപടി .. 18
36. പ്രവേശിക്കുന്നതിനും കൈവശമെടുക്കുന്നതിനുമുള്ള അധികാരവും തിരിച്ചേൽപിക്കുമ്പോൾ നൽകേണ്ട നഷ്ടപരിഹാരത്തുകയും .. 18
37. വസ്തുവിന്റെ അവസ്ഥ സംബന്ധിച്ച അഭിപ്രായ വ്യത്യാസം .. 19

### ഭാഗം VII

### കമ്പനികൾക്കുവേണ്ടി വസ്തു ആർജ്ജിക്കൽ

38. (വിട്ടു കളഞ്ഞു) .. 19
38ക. ചില ആവശ്യങ്ങൾക്ക് വ്യവസായ സ്ഥാപനത്തെ കമ്പനിയായി പരിഗണിക്കണമെന്ന് .. 19
39. സമുചിത സർക്കാരിന്റെ മുൻകൂട്ടിയുള്ള സമ്മതവും ഉടമ്പടി ഒപ്പിട്ട് പൂർത്തീകരിക്കലും ആവശ്യമാണെന്ന് .. 19
40. മുൻകൂട്ടിയുള്ള അന്വേഷണം .. 19
41. സമുചിത സർക്കാരുമായുള്ള ഉടമ്പടി .. 20
42. ഉടമ്പടി പ്രസിദ്ധപ്പെടുത്തൽ .. 20
43. ഉടമ്പടി സർക്കാരിന് ബാധകമായിരിക്കുന്നിടത്ത് 39 മുതൽ 42 വരെയുള്ള വകുപ്പുകൾക്ക് പ്രാബല്യം ഇല്ലെന്ന് .. 20
44. റയിൽവേ കമ്പനിയുമായുള്ള ഉടമ്പടി എങ്ങനെ തെളിയിക്കാമെന്ന് .. 21
44ക. കൈമാററം മുതലായവയിൽ നിയന്ത്രണം .. 21
44ഖ. ചില പ്രത്യേക ആവശ്യങ്ങൾക്കല്ലാതെ സർക്കാർ കമ്പനികളല്ലാത്ത സ്വകാര്യ കമ്പനികൾക്കുവേണ്ടി ഈ ഭാഗപ്രകാരം വസ്തു ആർജ്ജിക്കാൻ പാടില്ലെന്ന് .. 21

### ഭാഗം VIII

### പലവക

45. നോട്ടീസ് നടത്തൽ .. 21
46. വസ്തുവിന്റെ ആർജ്ജനം തടസ്സപ്പെടുത്തുന്നതിനുള്ള ശിക്ഷ .. 21
47. മജിസ്ട്രേട്ട് വസ്തു വിട്ടുകൊടുപ്പിക്കണമെന്ന് .. 22
48. ആർജ്ജനം പൂർത്തിയാക്കുന്നത് നിർബന്ധിതമല്ല, എന്നാൽ പൂർത്തിയായില്ലെങ്കിലും നഷ്ടപരിഹാരം നൽകണമെന്ന് . 22
49. വീടിന്റെയോ കെട്ടിടത്തിന്റെയോ ഭാഗം ആർജ്ജിക്കൽ .. 22
50. ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ കമ്പനിയുടെയോ ചെലവിൽ വസ്തു ആർജ്ജിക്കൽ .. 23
51. സ്ററാമ്പ് ഡ്യൂട്ടിയിൽനിന്നും ഫീസിൽനിന്നും ഒഴിവ് .. 23
51ക. സർട്ടിഫൈ ചെയ്ത പകർപ്പ് തെളിവായി സ്വീകരിക്കൽ .. 23
52. ആക്ട് അനുസരിച്ച് ചെയ്ത എന്തെങ്കിലും കാര്യം സംബന്ധിച്ച വ്യവഹാരങ്ങളുടെ സംഗതിയിൽ നോട്ടീസ് .. 23
53. കോടതി മുമ്പാകെയുള്ള നടപടികൾക്ക് സിവിൽ നടപടി നിയമ സംഹിത ബാധകമായിരിക്കുമെന്ന് .. 23
54. കോടതി മുമ്പാകെയുള്ള നടപടികളിൻമേൽ അപ്പീൽ .. 23
55. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം .. 24

# 1894—ലെ വസ്തു ആർജ്ജനം ആക്ററ്

(1894—ലെ 1—ാം ആക്ററ്)

(1894 ഫെബ്രുവരി 2)

[1988 ജൂൺ 1—ാം തീയതി വരെ ഭേദഗതി ചെയ്തപ്രകാരം]

പൊതുആവശ്യങ്ങൾക്കുവേണ്ടിയും കമ്പനികൾക്കുവേണ്ടിയും വസ്തു ആർജ്ജിക്കുന്നതിനുള്ള നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ആക്ററ്.

പൊതു ആവശ്യങ്ങൾക്കായും കമ്പനികൾക്കുവേണ്ടിയും വസ്തു ആർജ്ജിക്കുന്നതിനും അപ്രകാരം ആർജ്ജിക്കുമ്പോൾ കൊടുക്കേണ്ട നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിനും ഉള്ള നിയമം ഭേദഗതി ചെയ്യുന്നതു സമീചീനമായിരിക്കുകയാൽ താഴെപറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## ഭാഗം 1

### പ്രാരംഭികം

ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

1. (1) ഈ ആക്ററിന് 1894—ലെ വസ്തു ആർജ്ജനം ആക്ററ് എന്നു പേരു പറയാം.

(2) ഇതിന് ജമ്മു—കാശ്മീർ സംസ്ഥാനം ഒഴികെ, ഭാരതം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1894 മാർച്ച് ഒന്നാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

റദ്ദാക്കൽ

2. [ഭാഗികമായി 1914—ലെ റദ്ദാക്കലും ഭേദഗതിയും ആക്ററ് (1914—ലെ 10) 3—ാം വകുപ്പും II—ാം പട്ടികയും പ്രകാരവും ഭാഗികമായി 1938—ലെ റദ്ദാക്കൽ ആക്ററ് (1938—ലെ 1) 2—ാം വകുപ്പും പട്ടികയും പ്രകാരവും റദ്ദാക്കിയിരിക്കുന്നു.]

നിർവ്വചനങ്ങൾ

3. ഈ ആക്ററിൽ, വിഷയത്തിനോ സന്ദർഭത്തിനോ പൊരുത്തപ്പെടാത്തതായി എന്തെങ്കിലും ഉള്ളപ്പോൾ ഒഴികെ,—

(ക) ''വസ്തു'' എന്ന പദത്തിൽ വസ്തുവിൽ നിന്നുണ്ടാകുന്ന ഗുണാനുഭവവും, ഭൂമിയിൽ ബന്ധിച്ചിട്ടുള്ളതോ ഭൂമിയിൽ ബന്ധിച്ചിട്ടുള്ള എന്തിനോടെങ്കിലും സ്ഥിരമായി ബന്ധിച്ചിട്ടുള്ളതോ ആയ സാധനങ്ങളും ഉൾപ്പെടുന്നതാണ്;

(കക) ''തദ്ദേശാധികാരസ്ഥാനം'' എന്ന പ്രയോഗത്തിൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു നഗരാസൂത്രണ അധികാരസ്ഥാനം (അതിന്റെ പേര് എന്തുതന്നെ ആയാലും) ഉൾപ്പെടുന്നതാണ്;

(ഖ) ''താത്പര്യമുള്ള ആൾ'' എന്ന പ്രയോഗത്തിൽ ഈ ആക്ററു പ്രകാരം വസ്തു ആർജ്ജിച്ചതുകൊണ്ട് കൊടുക്കേണ്ടിവരുന്ന നഷ്ടപരിഹാരത്തിൽ അവകാശമുണ്ടെന്നു പറയുന്ന എല്ലാ ആളുകളും ഉൾപ്പെടുന്നതും, ഒരാൾക്കു വസ്തു സംബന്ധിച്ച ഏതെങ്കിലും സൗകര്യാവകാശം ഉണ്ടെങ്കിൽ അയാൾക്ക് വസ്തുവിൽ അവകാശമുള്ളതായി കരുതപ്പെടുന്നതും ആകുന്നു,

(ഗ) ''കളക്ടർ'' എന്ന പദത്തിന് ജില്ലാ കളക്ടർ എന്ന് അർത്ഥമാകുന്നതും അതിൽ ഒരു ഡെപ്യൂട്ടി കമ്മീഷണറും ഈ ആക്ററുപ്രകാരം ഒരു കളക്ടറുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനു സമുചിത സർക്കാർ പ്രത്യേകം നിയമിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതും ആകുന്നു.

(ഗഗ) ''സർക്കാർ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള കോർപ്പറേഷൻ'' എന്ന പ്രയോഗത്തിനു ഒരു കേന്ദ്ര ആക്റേറാ പ്രൊവിൻഷ്യൽ ആക്റേറാ സംസ്ഥാന ആക്റേറാപ്രകാരം സ്ഥാപിച്ചിട്ടുള്ള ഏതൊരു ഏകാംഗീകൃതനികായവും എന്ന്

അർത്ഥമുണ്ടായിരിക്കുന്നതും അതിൽ 1956—ലെ കമ്പനി ആക്ററ് (1956—ലെ 1) 617—ാം വകുപ്പിൽ നിർവ്വചിച്ചിരിക്കുന്നപ്രകാരമുള്ള ഒരു സർക്കാർ കമ്പനിയും, 1860—ലെ സൊസൈററി രജിസ്ററർ ചെയ്യൽ ആക്ററ് (1860—ലെ 21) പ്രകാരമോ, തത്സമയം ഒരു സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും തത്സ്ഥാനീയ നിയമപ്രകാരമോ രജിസ്ററർചെയ്തിട്ടുള്ളതും സർക്കാർ സ്ഥാപിച്ചതോ ഭരണം നടത്തുന്നതോ ആയതും ആയ ഒരു സംഘവും, തത്സമയം സഹകരണസംഘങ്ങൾ സംബന്ധിച്ച് ഏതെങ്കിലും സംസ്ഥാനത്തു നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ അർത്ഥത്തിലുള്ളതും കേന്ദ്ര സർക്കാരോ ഏതെങ്കിലും സംസ്ഥാന സർക്കാരോ, സർക്കാരുകളോ, ഭാഗികമായി കേന്ദ്രസർക്കാരും ഭാഗികമായി ഒന്നോ അതിൽ കൂടുതലോ സംസ്ഥാന സർക്കാരുകളും അടച്ചുതീർത്ത ഓഹരി മൂലധനത്തിൻെറ അൻപത്തൊന്നു ശതമാനത്തിൽ കുറയാതെ കൈവശം വച്ചിരിക്കുന്നതും ആയ ഒരു സഹകരണസംഘവും ഉൾപ്പെടുന്നതും ആകുന്നു;

(ഘ) ''കോടതി'' എന്ന പദത്തിനു, സമുചിത സർക്കാർ ഏതെങ്കിലും നിർദ്ദിഷ്ട പ്രാദേശിക പരിധികൾക്കകത്ത് ഈ ആക്ററുപ്രകാരം കോടതിക്കുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനു ഒരു പ്രത്യേക ന്യായാധിപനെ (ഇതിനാൽ അധികാരപ്പെടുത്തിയിട്ടുള്ള പ്രകാരം) നിയമിച്ചിട്ടില്ലാത്തപക്ഷം, ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽക്കോടതി എന്ന് അർത്ഥമാകുന്നു;

(ങ) ''കമ്പനി'' എന്ന പദത്തിനു—

(i) (ഗഗ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള സർക്കാർ കമ്പനി ഒഴികെ, 1956—ലെ കമ്പനി ആക്ററ് (1956—ലെ 1) 3—ാം വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു കമ്പനി എന്നും;

(ii) (ഗഗ) ഖണ്ഡത്തിൽ പറയുന്ന ഒരു സംഘം ഒഴികെ, 1860—ലെ സൊസൈററി രജിസ്ററർ ചെയ്യൽ ആക്ററു (1860—ലെ 21) പ്രകാരമോ തത്സമയം ഏതെങ്കിലും സംസ്ഥാനത്തു നിലവിലുള്ള മറേറതെങ്കിലും തത്സ്ഥാനീയ നിയമപ്രകാരമോ രജിസ്ററർ ചെയ്തിട്ടുള്ള സംഘം എന്നും;

(iii) (ഗഗ) ഖണ്ഡത്തിൽ പറയുന്ന ഒരുസഹകരണസംഘം ഒഴികെ, തത്സമയം ഏതെങ്കിലും സംസ്ഥാനത്ത് നിലവിലുള്ള സഹകരണസംഘങ്ങളെ സംബന്ധിച്ച ഏതെങ്കിലും നിയമത്തിൻെറ അർത്ഥത്തിലുള്ള ഒരു സഹകരണ സംഘം എന്നും,

അർത്ഥമാകുന്നു;

(ങങ) ''സമുചിത സർക്കാർ'' എന്ന പ്രയോഗത്തിനു യൂണിയൻെറ ആവശ്യങ്ങൾക്ക് വസ്തു ആർജ്ജിക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്നും മറേറതെങ്കിലും ആവശ്യങ്ങൾക്ക് വസ്തു ആർജ്ജിക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്നും അർത്ഥമാകുന്നു;

(ച) ''പൊതു ആവശ്യം'' എന്ന പ്രയോഗത്തിൽ—

(i) ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനോ നിലവിലുള്ള ഗ്രാമങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോ അതിൻെറ ആസൂത്രിത വികസനത്തിനോ മെച്ചപ്പെടുത്തലിനോ സ്ഥലം നൽകൽ;

(ii) നഗരമോ ഗ്രാമമോ ആസൂത്രണം ചെയ്യുന്നതിനു സ്ഥലം നൽകൽ;

(iii) സർക്കാരിൻെറ ഏതെങ്കിലും പദ്ധതിയുടെയോ നയത്തിൻെറയോ അടിസ്ഥാനത്തിൽ പൊതുനിധി ഉപയോഗിച്ച്. ആസൂത്രണം ചെയ്ത് വസ്തു വികസിപ്പിക്കുന്നതിനു സ്ഥലം നൽകുന്നതും, അതിനുശേഷം ആസൂത്രണംചെയ്ത രീതിയിൽ കൂടുതൽ വികസനം ഉണ്ടാക്കുന്നതിനു അത് പാട്ടത്തിനു നൽകിയോ പതിച്ചു കൊടുത്തോ തീറെഴുതിക്കൊടുത്തോ മുഴുവനായോ ഭാഗികമായോ കൈയ്യൊഴിയുന്നതും;

(iv) സർക്കാർ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷന് സ്ഥലം നൽകൽ;

(v) സാധുക്കൾക്കും ഭൂമിയില്ലാത്തവർക്കും പ്രകൃതിക്ഷോഭം ഉണ്ടായ സ്ഥലങ്ങളിൽ താമസിക്കുന്നവർക്കും, അഥവാ സർക്കാരോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ അല്ലെങ്കിൽ സർക്കാർ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു ഏകാംഗീകൃത നികായമോ ഏറെറടുത്ത ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയതുകാരണം ഒഴിപ്പിച്ചവർക്കും പദ്ധതി നടപ്പാക്കൽ പ്രതികൂലമായി ബാധിച്ചവർക്കും താമസത്തിനു സ്ഥലം നൽകൽ;

(vi) സർക്കാരിൻേറയോ സർക്കാർ ഇതിലേക്കു സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിൻേറയോ ഉത്തരവാദിത്വത്തിലുള്ള അഥവാ സമുചിത സർക്കാരിൻെറ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഒരു തദ്ദേശാധികാരസ്ഥാനമോ 1860—ലെ സൊസൈററി രജിസ്ററർ ചെയ്യൽ ആക്ററു (1860—ലെ 21) പ്രകാരമോ തത്സമയം ഏതെങ്കിലും സംസ്ഥാനത്ത് നിലവിലുള്ള തത്സ്ഥാനീയ നിയമപ്രകാരമോ രജിസ്ററർചെയ്ത ഒരു സംഘമോ തത്സമയം ഏതെങ്കിലും സംസ്ഥാനത്ത് നിലവിലുള്ള സഹകരണസംഘങ്ങളെ സംബന്ധിച്ച ഏതെങ്കിലും നിയമത്തിൻെറ അർത്ഥത്തിലുള്ള ഒരു സഹകരണസംഘമോ ഉത്തരവാദിത്വം ഏറെറടുത്തിട്ടുള്ള, വിദ്യാഭ്യാസം, ഭവനനിർമ്മാണം, ആരോഗ്യം ചേരിനിർമ്മാർജ്ജനം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് സ്ഥലംനൽകൽ;

(vii) സർക്കാരോ സമുചിത സർക്കാരിൻെറ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ഒരു തദ്ദേശാധികാര സ്ഥാനമോ ഉത്തരവാദിത്വം ഏറെറടുത്തിട്ടുള്ള മറേറതെങ്കിലും വികസന പദ്ധതികൾക്ക് സ്ഥലംനൽകൽ;

(viii) ഒരു പബ്ലിക് ഓഫീസ് സ്ഥാപിക്കുന്നതിന് ഏതെങ്കിലും സ്ഥലമോ കെട്ടിടമോ നൽകൽ,

എന്നിവ ഉൾപ്പെടുന്നതും എന്നാൽ കമ്പനികൾക്കുവേണ്ടി വസ്തുത ആർജ്ജിക്കുന്നത് ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു;

(ഥ) താഴെപ്പറയുന്ന ആളുകൾ ഇതിനുശേഷം വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരം, വ്യവസ്ഥ ചെയ്തിട്ടുള്ളത്ര, ''പ്രവർത്തിക്കാൻ അവകാശമുള്ള'' ആളുകളായി കരുതപ്പെടുന്നതാണ്, അതായത്:—

ഗുണകരമായ അവകാശമുള്ള മററ് ആളുകളുടെ ട്രസ്ററികളെ, ഗുണകരമായ അവകാശമുള്ള ആളുകൾക്ക് അവശത ഇല്ലായിരുന്നുവെങ്കിൽ അവർക്ക് പ്രവർത്തിക്കുവാൻ സാധിക്കുമായിരുന്ന സംഗതിയിൽ, സാധിക്കുമായിരുന്നത്ര, പ്രവർത്തിക്കാൻ അവകാശമുള്ള ആളുകളായി കരുതുന്നതാണ്;

ഇംഗ്ലീഷ് നിയമം ബാധകമായിരിക്കുന്ന സംഗതികളിൽ വിവാഹിതയായ ഒരു സ്ത്രീയെ, അവൾ പ്രായപൂർത്തിയായവളാകട്ടെ അല്ലാത്തവൾ ആകട്ടെ, അവൾ വിവാഹിതയും പ്രായപൂർത്തിയായവളും ആയിരുന്നാലെന്നപോലെയും, അതേ അളവിലും, എന്തെങ്കിലും പ്രവർത്തിക്കാൻ അവകാശമുള്ള ആളായി കരുതുന്നതാണ്;

മൈനർമാരുടെ രക്ഷാകർത്താക്കളെയും ചിത്തഭ്രമമുള്ളവരുടെയും മന്ദബുദ്ധികളുടെയും, മാനേജറൻമാരെയും കമ്മിററികളെയും, മൈനർമാർക്കും ചിത്തഭ്രമമുള്ളവർക്കും മന്ദബുദ്ധികൾക്കും അവശത ഇല്ലായിരുന്നുവെങ്കിൽ പ്രവർത്തിക്കുവാൻ അവർക്ക് സാധിക്കുമായിരുന്നിടത്തോളം യഥാക്രമം പ്രവർത്തിക്കാൻ അവകാശമുള്ള ആളുകളായി കരുതുന്നതാണ്:

എന്നാൽ—

(i) ബന്ധപ്പെട്ട കാര്യത്തിൽ ഒരാൾക്കുള്ള താത്പര്യം, അവകാശമുള്ള ഏതൊരാൾക്കുവേണ്ടിയാണോ പ്രവർത്തിക്കാൻ മററു വിധത്തിൽ അയാൾക്ക് അവകാശമുണ്ടാകുമായിരുന്നത് ആ ആളിന്റെ താത്പര്യത്തിന് വിരുദ്ധമാണെന്ന് കളക്ടർക്കോ കോടതിക്കോ ബോദ്ധ്യമാം വണ്ണം തെളിയിക്കുന്ന പക്ഷം അങ്ങനെയുള്ള യാതൊരാളെയും ''പ്രവർത്തിക്കാൻ അവകാശമുള്ള'' ആളായി കരുതുന്നതല്ല;

(ii) അങ്ങനെയുള്ള ഏതൊരു സംഗതിയിലും,അവകാശമുള്ള ആൾക്ക്, ഉററമിത്രം വഴി ഹാജരാകാവുന്നതും, ഉററമിത്രം വഴി അയാൾ ഹാജരാകാത്തപക്ഷം, കളക്ററോ കോടതിയോ, അതതു സംഗതിപോലെ, ആ കാര്യത്തിൽ അയാൾക്കു വേണ്ടി പ്രവർത്തിക്കാൻ ഒരു രക്ഷാകർത്താവിനെ നിയമിക്കേണ്ടതും ആകുന്നു;

(iii) 1908—ലെ സിവിൽ നടപടി നിയമസംഹിത (1908—ലെ 5) ഒന്നാം പട്ടിക XXXII—ാം ഉത്തരവിലെ വ്യവസ്ഥകൾ, ആവശ്യമുള്ള ഭേദഗതികളോടുകൂടി, കളക്ടറുടെയോ കോടതിയുടെയോ മുമ്പാകെ ഈ ആക്ററു പ്രകാരമുള്ള നടപടികളിൽ ഉററമിത്രം വഴിയോ ആ കാര്യത്തിനുള്ള രക്ഷാകർത്താവു വഴിയോ ഹാജരാകുന്ന അവകാശമുള്ള ആളുകളുടെ സംഗതിയിൽ ബാധകമാകുന്നതാണ്;

(iv) ''പ്രവർത്തിക്കാൻ അവകാശമുള്ള'' യാതൊരാൾക്കും, ഏതാൾക്കു വേണ്ടി പ്രവർത്തിക്കാനാണോ അയാൾക്ക് അവകാശമുള്ളത്, ആ ആൾക്ക് കൊടുക്കേണ്ട നഷ്ടപരിഹാരത്തുകവാങ്ങിക്കുവാൻ, ഭൂമി അന്യാധീനപ്പെടുത്തുന്നതിനും സ്വമേധയായുള്ള വില്പനയിൻമേൽ വില്ക്കുന്നവില വാങ്ങിക്കുകയും, ശരിയായ പററുചീട്ടു കൊടുക്കുകയും ചെയ്യുന്നതിനും അയാൾക്ക് ക്ഷമതയില്ലാത്ത പക്ഷം, ക്ഷമതയുണ്ടായിരിക്കുന്നതല്ല.

## ഭാഗം II

### ആർജ്ജനം

### പ്രാരംഭ അന്വേഷണം

പ്രാരംഭവിജ്ഞാപനം പ്രസിദ്ധീകരിക്കലും അതിൻമേൽ ഉദ്യോഗസ്ഥൻമാർക്ക് ലഭിക്കുന്ന അധികാരങ്ങളും

4. (1) ഒരു പൊതു ആവശ്യത്തിനോ ഒരു കമ്പനിക്കോവേണ്ടി ഏതെങ്കിലും പ്രദേശത്ത് സ്ഥലം ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ സമുചിത സർക്കാരിന് തോന്നുമ്പോഴെല്ലാം, അക്കാര്യം കാണിച്ചുകൊണ്ട് ഒരു ഔദ്യോഗിക ഗസററിലും ആ പ്രദേശത്ത് പ്രചാരമുള്ള രണ്ടു ദിനപ്പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതും, അതിൽ ഒന്നെങ്കിലും പ്രാദേശിക ഭാഷയിൽ ആയിരിക്കേണ്ടതും, കളക്ററർ മേൽപ്പറഞ്ഞ പ്രദേശത്ത് സൗകര്യമായ സ്ഥലങ്ങളിൽ പതിച്ച നോട്ടീസുവഴി അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ സാരാംശം ജനങ്ങളെ അറിയിക്കാൻ ഇടയാക്കേണ്ടതും ആകുന്നു. (അങ്ങനെ വിജ്ഞാപനം ചെയ്തതിന്റെയും നോട്ടീസു കൊടുത്തതിന്റെയും ഒടുവിലത്തെ തീയതിയെ ഇതിനുശേഷം വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി എന്നു പറയുന്നു).

(2) അതിൻമേൽ സർക്കാർ ഈ കാര്യത്തിന് സാമാന്യമായോ പ്രത്യേകമായോ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും അയാളുടെ കീഴ് ജീവനക്കാരും തൊഴിലാളികളും—

അങ്ങനെയുള്ള പ്രദേശത്തെ ഏതൊരു വസ്തുവിലും പ്രവേശിക്കുന്നതും സർവ്വേ ചെയ്യുന്നതും വിതാനം എടുക്കുന്നതും;

അടിമണ്ണ് കുഴിക്കുകയോ തുരക്കുകയോ ചെയ്യുന്നതും;

വസ്തു അങ്ങനെയുള്ള കാര്യങ്ങൾക്ക് അനുയോജ്യമാണ് എന്നു തിട്ടപ്പെടുത്തുവാൻ ആവശ്യമായ മററ് എല്ലാ പ്രവർത്തികളും ചെയ്യുന്നതും;

എടുക്കുവാനുദ്ദേശിക്കുന്ന വസ്തുവിന്റെ അതിരും അതിൻമേൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പണികളും (വല്ലതുമുണ്ടെങ്കിൽ) അടയാളപ്പെടുത്തുന്നതും;

അടയാളം ഇട്ടും കിടങ്ങു കുഴിച്ചും അങ്ങനെയുള്ള വിതാനവും അതിരും രേഖയും അടയാളപ്പെടുത്തുന്നതും;

മററുവിധത്തിൽ സർവ്വേ പൂർത്തിയാക്കുന്നതിനോ വിതാനം എടുക്കുന്നതിന് അതിരും രേഖയും അടയാളപ്പെടുത്തുന്നതിനോ കഴിയാത്തിടത്ത്, കൊയ്യാത്ത വിളയുടെയും വേലിയുടെയും കാടിൻെറയും ഏതെങ്കിലും ഭാഗം വെട്ടി ത്തെളിക്കുന്നതും,

നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നാൽ യാതൊരാളും, ഏതെങ്കിലും കെട്ടിടത്തിലോ ഒരു വാസഗൃഹത്തോടു ചേർത്തു അടച്ചുകെട്ടിയ ഏതെങ്കിലും അങ്കണത്തിലോ തോട്ടത്തിലോ പ്രവേശിക്കാനുള്ള തൻെറ ഉദ്ദേശത്തെപ്പററി രേഖാമൂലം കുറഞ്ഞത് ഏഴു ദിവസത്തെ നോട്ടീസ് കൈവശക്കാരന് മുൻകൂട്ടി കൊടുത്തിട്ടല്ലാതെ (കൈവശക്കാരൻെറ സമ്മതമില്ലാത്ത പക്ഷം), പ്രവേശിക്കുവാൻ പാടുള്ളതല്ല.

5. അപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, അങ്ങനെ പ്രവേശിക്കുന്ന സമയത്ത്, മേൽപ്പറഞ്ഞ പ്രവർത്തികൾവഴി ഉണ്ടായതും ഒഴിവാക്കാൻ കഴിയാതിരുന്നതുമായ നഷ്ടത്തിന് തുക കൊടുക്കുകയോ കൊടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ ചെയ്യേണ്ടതും, അപ്രകാരം കൊടുക്കുകയോ കൊടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ ചെയ്ത തുകയുടെ പര്യാപ്തത സംബന്ധിച്ച് തർക്കമുണ്ടാവുകയാണെങ്കിൽ അയാൾ ഉടനടി ആ തർക്കം കളക്ടറുടെയോ മററു മുഖ്യ റവന്യൂ ഉദ്യോഗസ്ഥൻെറയോ തീർപ്പിനായി അയയ്ക്കേണ്ടതും, ആ തീർപ്പ് അന്തിമമായിരിക്കുന്നതും ആകുന്നു.

നഷ്ടത്തിനു തുക കൊടുക്കൽ

### ആക്ഷേപങ്ങൾ

5ക. (1) ഒരു പൊതു ആവശ്യത്തിനോ ഒരു കമ്പനിക്കുവേണ്ടിയോ ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ 4–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്ത ഏതെങ്കിലും വസ്തുവിൽ താത്പ്പര്യമുള്ള ഏതൊരാൾക്കും വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം ആ വസ്തുവോ ആ പ്രദേശത്തെ ഏതെങ്കിലും വസ്തുവോ, അതതു സംഗതിപോലെ, ആർജ്ജിക്കുന്നതു സംബന്ധിച്ച് ആക്ഷേപം ബോധിപ്പിക്കാവുന്നതാണ്.

ആക്ഷേപങ്ങളുടെ ഹിയറിംഗ്

(2) (1)–ാം ഉപവകുപ്പുപ്രകാരമുള്ള എല്ലാ ആക്ഷേപങ്ങളും കളക്ടറർക്ക് രേഖാമൂലം നൽകേണ്ടതും കളക്ടറർ ആക്ഷേപകന് പറയാനുള്ളതു നേരിട്ടോ അയാൾ ഇക്കാര്യത്തിനു അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളോ വക്കീലോ വഴിയോ പറയുവാൻ ഒരവസരം കൊടുക്കേണ്ടതും, അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും കേൾക്കുകയും ആവശ്യമെന്ന് തോന്നുന്ന കൂടുതൽ അന്വേഷണവിചാരണ ഏതെങ്കിലുമുണ്ടെങ്കിൽ അതു നടത്തുകയും ചെയ്തശേഷം 4–ാം വകുപ്പ് (1)–ാം ഉപവകുപ്പു പ്രകാരം വിജ്ഞാപനം ചെയ്ത വസ്തു സംബന്ധിച്ച്, ആക്ഷേപങ്ങളെപ്പററി അയാൾക്കുള്ള അഭിപ്രായങ്ങളും അയാൾ നടത്തിയ വിചാരണകളുടെ റിക്കാർഡുകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു റിപ്പോർട്ട് അഥവാ വസ്തുവിൻെറ വ്യത്യസ്തഭാഗങ്ങൾ സംബന്ധിച്ച് വ്യത്യസ്ത റിപ്പോർട്ടുകൾ സമുചിത സർക്കാരിൻെറ തീരുമാനത്തിനായി ആ സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്. ആക്ഷേപങ്ങളെപ്പററിയുള്ള സമുചിത സർക്കാരിൻെറ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ഈ ആക്ററുപ്രകാരം വസ്തു ആർജ്ജിച്ചിരുന്നെങ്കിൽ നഷ്ടപരിഹാരത്തുകയിൽ അവകാശം തേർച്ച ചെയ്യാൻ അർഹതയുള്ള ആളെ വസ്തുവിൽ താത്പ്പര്യമുള്ള ആളായി കരുതുന്നതാണ്.

### ആർജ്ജിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന പ്രഖ്യാപനം

6. (1) ഈ ആക്ററിലെ VII–ാം ഭാഗത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, 5ക. വകുപ്പ് (2)–ാം ഉപവകുപ്പുപ്രകാരമുള്ള റിപ്പോർട്ടു വല്ലതുമുണ്ടെങ്കിൽ അതു പരിഗണിച്ചതിനുശേഷം ഏതെങ്കിലും ഒരു വസ്തു പൊതു ആവശ്യത്തിനോ ഒരു കമ്പനിക്കോ വേണ്ടി ആവശ്യമാണെന്നു സർക്കാരിനു ബോദ്ധ്യമാവുകയാണെങ്കിൽ ആ കാര്യം കാണിച്ചുകൊണ്ട് ആ സർക്കാരിൻെറ ഒരു

പൊതുആവശ്യത്തിനു വസ്തു ആവശ്യമുണ്ട് എന്നപ്രഖ്യാപനം

സെക്രട്ടറിയോ സർക്കാർ ഉത്തരവുകൾ സർട്ടിഫൈ ചെയ്യാൻ യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള മററേതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പിട്ട് ഒരു പ്രഖ്യാപനം പുറപ്പെടുവിക്കേണ്ടതും, 5ക. വകുപ്പ് (2)–ാം ഉപവകുപ്പുപ്രകാരം ആവശ്യമുള്ളിടത്തെല്ലാം ഒരു റിപ്പോർട്ടോ വ്യത്യസ്ത റിപ്പോർട്ടുകളോ പുറപ്പെടുവിച്ചിരുന്നാലും ഇല്ലെങ്കിലും 4–ാം വകുപ്പ് (1)–ാം ഉപവകുപ്പുപ്രകാരമുള്ള ഒരേ വിജ്ഞാപനത്തിൽ പ്പെടുന്ന വസ്തുവിന്റെ വ്യത്യസ്ത ഭാഗങ്ങൾ സംബന്ധിച്ച് കാലാകാലം വ്യത്യസ്ത പ്രഖ്യാപനങ്ങൾ പുറപ്പെടുവിക്കാവുന്നതും ആകുന്നു:

എന്നാൽ,—

(i) 4–ാം വകുപ്പ് (1)–ാം ഉപവകുപ്പു പ്രകാരമുള്ളതും 1967-ലെ വസ്തു ആർജ്ജനം (ഭേദഗതിയും സാധൂകരിക്കലും) ഓർഡിനൻസ് (1967–ലെ 1) പ്രാബല്യത്തിൽ വന്നതിനുശേഷം 1984–ലെ വസ്തു ആർജ്ജനം (ഭേദഗതി) ആക്ററ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് പ്രസിദ്ധീകരിച്ചതും ആയ ഒരു വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും വസ്തു സംബന്ധിച്ച യാതൊരു പ്രഖ്യാപനവും, വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ മൂന്നുവർഷം കഴിഞ്ഞതിനുശേഷവും:

(ii) 4–ാം വകുപ്പ് (1)–ാം ഉപവകുപ്പുപ്രകാരമുള്ളതും 1984–ലെ വസ്തു ആർജ്ജനം (ഭേദഗതി) ആക്ററ് പ്രാബല്യത്തിൽവന്നതിനുശേഷം പ്രസിദ്ധീകരിച്ചതുമായ ഒരു വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും വസ്തു സംബന്ധിച്ച യാതൊരു പ്രഖ്യാപനവും വിജ്ഞാപനവും പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു വർഷം കഴിഞ്ഞതിനുശേഷവും,

പുറപ്പെടുവിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അങ്ങനെയുള്ള വസ്തുവിനു കൊടുക്കേണ്ട നഷ്ടപരിഹാരം കൊടുക്കുന്നത് ഒരു കമ്പനിയോ, മുഴുവനായോ ഭാഗികമായോ പൊതുഖജനാവിൽ നിന്നോ ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെ നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ഏതെങ്കിലും നിധിയിൽനിന്നോ അല്ലാത്തപക്ഷം അപ്രകാരമുള്ള യാതൊരു പ്രഖ്യാപനവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

<u>വിശദീകരണം 1.</u>—ഒന്നാം പരിമിതി വ്യവസ്ഥയിൽ പറയുന്ന ഒരു സമയ പരിധി കണക്കാക്കുമ്പോൾ 4–ാം വകുപ്പ് (1)–ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ചുള്ള ഏതെങ്കിലും നടപടി ഒരു കോടതി ഉത്തരവു വഴി നിറുത്തിവച്ചിരിക്കുന്ന കാലയളവ് അതിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.

<u>വിശദീകരണം 2.</u>—അങ്ങനെയുള്ള വസ്തുവിനു കൊടുക്കേണ്ട നഷ്ടപരിഹാരം കൊടുക്കുന്നത് സർക്കാരിന്റെ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു ഏകാംഗീകൃത നികായത്തിന്റെ നിധിയിൽ നിന്നും ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള നഷ്ടപരിഹാരം പബ്ളിക് റവന്യൂവിൽനിന്നും കൊടുക്കുന്ന നഷ്ടപരിഹാരമായി പരിഗണിക്കുന്നതാണ്.

(2) എല്ലാ പ്രഖ്യാപനങ്ങളും ഔദ്യോഗിക ഗസററിലും വസ്തു സ്ഥിതി ചെയ്യുന്ന പ്രദേശത്ത് പ്രചാരമുള്ള രണ്ടു ദിനപ്പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതും അതിൽ ഒന്നെങ്കിലും പ്രാദേശിക ഭാഷയിലായിരിക്കേണ്ടതും, കളക്ടർ മേൽപ്പറഞ്ഞ പ്രദേശത്തു സൗകര്യമായ സ്ഥലങ്ങളിൽ അങ്ങനെയുള്ള പ്രഖ്യാപനത്തിന്റെ സാരാംശം നോട്ടീസുവഴി പൊതുജനങ്ങളെ അറിയിക്കാൻ ഇടയാക്കേണ്ടതും ആകുന്നു, (അങ്ങനെ പ്രഖ്യാപനം പുറപ്പെടുവിച്ചതിന്റെയും നോട്ടീസ് കൊടുത്തതിന്റെയും ഒടുവിലത്തെ തീയതിയെ ഇതിനുശേഷം പ്രഖ്യാപനം പുറപ്പെടുവിച്ച തീയതി എന്നു പറയുന്നു.) അങ്ങനെയുള്ള പ്രഖ്യാപനത്തിൽ വസ്തു സ്ഥിതിചെയ്യുന്ന ജില്ല അഥവാ മററു പ്രാദേശിക അതിരുകൾ, വസ്തു ഏന്താവശ്യത്തിനാണ് എന്ന്, വസ്തുവിന്റെ ഏകദേശ വിസ്തീർണ്ണം, വസ്തുവിന്റെ ഒരു പ്ലാൻ തയ്യാറാക്കിയിട്ടുള്ളിടത്ത് അതു പരിശോധനയ്ക്കു ലഭ്യമാകുന്ന സ്ഥലം, ഇവയെല്ലാം കാണിച്ചിരിക്കേണ്ടതാണ്.

(3) മേൽപ്പറഞ്ഞ പ്രഖ്യാപനം വസ്തു ഒരു പൊതു ആവശ്യത്തിനോ ഒരു കമ്പനിക്കുവേണ്ടിയോ, അതതു സംഗതിപോലെ, ആണെന്നുള്ളതിനു നിർണ്ണായക തെളിവായിരിക്കുന്നതും, അങ്ങനെയുള്ള പ്രഖ്യാപനം പുറപ്പെടുവിച്ച ശേഷം സമുചിത സർക്കാരിനു താഴെ കാണിച്ചിട്ടുള്ള പ്രകാരം വസ്തു ആർജ്ജിക്കാവുന്നതും ആകുന്നു

*പ്രഖ്യാപനം പുറപ്പെടുവിച്ച ശേഷം വസ്തു ആർജ്ജിക്കുന്നതിനു കളക്ടറർ നടപടി സ്വീകരിക്കണമെന്ന്.*

7. ഒരു പൊതുആവശ്യത്തിനോ ഒരു കമ്പനിക്കു വേണ്ടിയോ വസ്തു ആവശ്യമുണ്ടെന്ന് അപ്രകാരം പ്രഖ്യാപനം പുറപ്പെടുവിച്ചുകഴിഞ്ഞാൽ സമുചിത സർക്കാരോ ആ ആവശ്യത്തിന് സമുചിത സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, വസ്തു ആർജ്ജിക്കുന്നതിനു നടപടി സ്വീകരിക്കാൻ കളക്ടറർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

*വസ്തു അടയാളപ്പെടുത്തുകയും അളക്കുകയും അതിൻെറ പ്ലാൻ തയ്യാറാക്കുകയും ചെയ്യണമെന്ന്*

8. അതിൻമേൽ കളക്ടറർ, വസ്തു (4—ാം വകുപ്പുപ്രകാരം അത് അടയാളപ്പെടുത്തിയിട്ടില്ലെങ്കിൽ) അടയാളപ്പെടുത്താൻ ഇടയാക്കേണ്ടതാണ്. അത് അളപ്പിക്കുന്നതിനും അതിൻെറ പ്ലാനൊന്നും തയ്യാറാക്കിയിട്ടില്ലെങ്കിൽ ഒരു പ്ലാൻ തയ്യാറാക്കുന്നതിനും കൂടി അയാൾ ഇടയാക്കേണ്ടതാണ്.

*താത്പര്യമുള്ള ആളുകൾക്ക് നോട്ടീസ്*

9. (1) അതിനുശേഷം കളക്ടറർ വസ്തു കൈവശമെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്നും ആ വസ്തുവിലുള്ള എല്ലാ താത്പര്യം സംബന്ധിച്ചും നഷ്ടത്തിനുള്ള തേർച്ച തൻെറ മുമ്പാകെ ഉന്നയിക്കാവുന്നതാണെന്നും കാണിച്ചുകൊണ്ടുള്ള നോട്ടീസ്, എടുക്കേണ്ട വസ്തുവിലോ അതിനടുത്തോ ഉള്ള സൗകര്യമുള്ള സ്ഥലങ്ങളിൽ പതിച്ചു പൊതുജനങ്ങളെ അറിയിക്കാൻ ഇടയാക്കേണ്ടതാണ്.

(2) അങ്ങനെയുള്ള നോട്ടീസിൽ, അപ്രകാരം ആവശ്യമുള്ള വസ്തു സംബന്ധിച്ച വിവരങ്ങൾ കാണിച്ചിരിക്കേണ്ടതും, വസ്തുവിൽ താത്പര്യമുള്ള എല്ലാ ആളുകളോടും നോട്ടീസിൽ പറയുന്ന സമയത്തും സ്ഥലത്തും (ആ സമയം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ തീയതിതൊട്ട് പതിനഞ്ചു ദിവസത്തിനകം ആയിരിക്കാൻ പാടുള്ളതല്ല) നേരിട്ടോ ഏജൻറ് മുഖേനയോ കളക്ടറുടെ മുമ്പാകെ ഹാജരായി അവർക്കു വസ്തുവിൽ യഥാക്രമമുള്ള താത്പര്യങ്ങളുടെ സ്വഭാവവും അങ്ങനെയുള്ള താത്പര്യങ്ങൾക്ക് നഷ്ടപരിഹാരമായി തേർച്ച ചെയ്യുന്ന തുകയും അതു സംബന്ധിച്ച വിവരങ്ങളും 8—ാം വകുപ്പുപ്രകാരം നടത്തിയ അളവുകൾ സംബന്ധിച്ച് ആക്ഷേപവും (വല്ലതുമുണ്ടെങ്കിൽ) വ്യക്തമാക്കാൻ ആവശ്യപ്പെടേണ്ടതും ആകുന്നു. കളക്ടറർക്ക്, ഏതു സംഗതിയിലും, അങ്ങനെയുള്ള വിവരണപ്പത്രിക കക്ഷിയോ അയാളുടെ ഏജൻേറാ എഴുതി ഒപ്പിട്ടു കൊടുക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

(3) കൂടാതെ കളക്ടറർ അങ്ങനെയുള്ള വസ്തു കൈവശം വച്ചിരിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അയാൾക്കും അതിൽ താത്പര്യമുള്ളവരെന്ന് അറിയാവുന്നതോ വിശ്വസിക്കേണ്ടതോ ആയ എല്ലാ ആളുകളും അപ്രകാരം താത്പര്യമുള്ള ആളുകൾക്കുവേണ്ടി പ്രവർത്തിക്കാൻ അധികാരമുള്ള ആളുകളും വസ്തു സ്ഥിതി ചെയ്യുന്ന റവന്യൂ ജില്ലയിലെ താമസക്കാരായിരിക്കുകയോ നോട്ടീസ് സ്വീകരിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഏജൻറൻമാർ അവർക്കുണ്ടായിരിക്കുകയോ ചെയ്യുന്ന പക്ഷം അങ്ങനെയുള്ള എല്ലാ ആളുകൾക്കും അതേ കാര്യങ്ങൾ കാണിച്ചുകൊണ്ട് നോട്ടീസ് നടത്തേണ്ടതാണ്.

(4) അങ്ങനെ താത്പര്യമുള്ള ഏതെങ്കിലും ആൾ മറ്റെവിടെയെങ്കിലും താമസിക്കുകയും അയാൾക്ക് അങ്ങനെയുള്ള യാതൊരേജൻറും ഇല്ലാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ, അയാളുടെ ഒടുവിലത്തെ അറിയാവുന്ന താമസസ്ഥലത്തേക്കോ മേൽവിലാസത്തിലോ തൊഴിൽസ്ഥലത്തേക്കോ അയാൾക്കുള്ള നോട്ടീസ് തപാൽ വഴി അയയ്ക്കേണ്ടതും 1898—ലെ ഇൻഡ്യൻ പോസ്ററ് ഓഫീസ് ആക്ററ്, (1898—ലെ 6) 28—ം, 29—ം വകുപ്പുകൾ പ്രകാരം രജിസ്ററർ ചെയ്തിരിക്കേണ്ടതും ആകുന്നു.

*പേരുകളും താത്പര്യങ്ങളും സംബന്ധിച്ച് പ്രസ്താവന നല്കാൻ ആവശ്യപ്പെടാനും അവ കൊടുപ്പിക്കുന്നതിനും ഉള്ള അധികാരം.*

10. (1) കളക്ടറർക്ക് അങ്ങനെയുള്ള ഏതൊരാളോടും, കൂട്ടുടമസ്ഥനോ കീഴുടമസ്ഥനോ ഒററിക്കാരനോ കുടിയാനോ ആയോ മററു വിധത്തിലോ വസ്തുവിലോ അതിൻെറ ഏതെങ്കിലും ഭാഗത്തിലോ വല്ല താത്പര്യവുമുള്ള മറെറല്ലാ ആളുകളുടേയും പേരും അങ്ങനെയുള്ള താത്പര്യത്തിൻെറ സ്വഭാവവും. പ്രസ്താവനയുടെ തീയതിക്ക് തൊട്ടുമുമ്പുള്ള മൂന്നു വർഷക്കാലം അതിൽനിന്ന് കിട്ടിയതോ കിട്ടാമായിരുന്നതോ ആയ പാട്ടവും ആദായവും (വല്ലതുമുണ്ടെങ്കിൽ) പ്രായോഗികമാകുന്നത്ര ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന പറഞ്ഞിട്ടുള്ള സ്ഥലത്തും സമയത്തും (അങ്ങനെയുള്ള സമയം പത്രിക നല്കാൻ ആവശ്യപ്പെട്ടിരിക്കുന്ന തീയതിതൊട്ട് പതിനഞ്ചു ദിവസത്തിനു മുമ്പാകരുത്) തനിക്ക് നല്കുകയോ തന്നെ ഏല്പിച്ചു കൊടുക്കുകയോ ചെയ്യാൻ ആവശ്യപ്പെടാവുന്നതാണ്.

(2) ഈ വകുപ്പുപ്രകാരമോ 9—ാം വകുപ്പ് പ്രകാരമോ ഒരു പ്രസ്താവന നല്കാനോ ഏല്പിച്ചുകൊടുക്കാനോ ആവശ്യപ്പെട്ടിട്ടുള്ള ഏതൊരാൾക്കും, 1860—ലെ ഭാരതീയ ശിക്ഷാ നിയമസംഹിത, (1860—ലെ 45) 175—ം, 176—ം വകുപ്പുകളുടെ അർത്ഥത്തിൽ അപ്രകാരം ചെയ്യാൻ നിയമപ്രകാരം ബാദ്ധ്യത ഉള്ളതായി കരുതപ്പെടുന്നതാണ്.

### അളവിനേയും വിലയേയും തേർച്ചകളേയും പററി കളക്ററുടെ അന്വേഷണ വിചാരണയും അവാർഡും

കളക്ററുടെ അന്വേഷണ വിചാരണയും അവാർഡും.

11. (1) നിശ്ചയിച്ചിട്ടുള്ള ദിവസമോ അന്വേഷണ വിചാരണ മാററിവയ്ക്കുന്ന മറേറതെങ്കിലും ദിവസമോ, കളക്ററർ 9—ാം വകുപ്പു പ്രകാരം നൽകിയ നോട്ടീസ് അനുസരിച്ച് താത്പര്യമുള്ള ഏതെങ്കിലും ആറം 8—ാം വകുപ്പു പ്രകാരം നടത്തിയ അളവ് സംബന്ധിച്ചും 4—ാം വകുപ്പ് (1)—ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതി വസ്തുവിനുണ്ടായിരുന്ന വിലയെപ്പററിയും നഷ്ടപരിഹാരത്തിന് തേർച്ച ചെയ്യുന്ന ആളുകളുടെ യഥാക്രമമുള്ള താത്പര്യത്തെപ്പററിയും ആക്ഷേപം (ഉണ്ടെങ്കിൽ) സംബന്ധിച്ച് അന്വേഷണ വിചാരണ ആരംഭിക്കേണ്ടതും—

(i) വസ്തുവിൻെറ ശരിയായ വിസ്തീർണ്ണം;

(ii) തൻെറ അഭിപ്രായത്തിൽ വസ്തുവിന് നല്കേണ്ട നഷ്ടപരിഹാരത്തുക;

(iii) വസ്തുവിൽ താത്പര്യമുള്ളവരെന്ന് അറിയാവുന്നവരോ വിശ്വസിക്കാവുന്നവരോ ആയതും, യഥാക്രമം തൻെറ മുമ്പാകെ ഹാജരായിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അവരെപ്പററിയോ അവരുടെ തേർച്ചകളെപ്പററിയോ തനിക്ക് അറിവുണ്ടായിരുന്നതും ആയ എല്ലാ ആളുകൾക്കുമായി മേൽപ്പറഞ്ഞ നഷ്ടപരിഹാരത്തുക വീതിക്കുക,

എന്നിവ സംബന്ധിച്ച് തൻെറ കൈയൊപ്പോടുകൂടി ഒരു അവാർഡ് പാസ്സാക്കേണ്ടതും ആകുന്നു:

എന്നാൽ സമുചിത സർക്കാരിൻെറയോ ഈ ആവശ്യത്തിലേക്ക് സമുചിത സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻെറയോ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ ഈ ഉപവകുപ്പുപ്രകാരമുള്ള യാതൊരു അവാർഡും കളക്ററർ പാസ്സാക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല ഈ ആവശ്യത്തിലേക്ക് സമുചിത സർക്കാർ എടുത്തു പറയുന്ന വിഭാഗം കേസ്സുകളിൽ അങ്ങനെയുള്ള അംഗീകാരം കൂടാതെ തന്നെ കളക്ററർക്ക് അവാർഡ് പാസ്സാക്കാവുന്നതാണെന്ന് നിർദ്ദേശിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) (1)—ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ, കളക്ററുടെ മുമ്പാകെ ഹാജരായിട്ടുള്ളവരും വസ്തുവിൽ താത്പര്യമുള്ളവരുമായ എല്ലാ ആളുകളും കളക്ററുടെ അവാർഡിൽ ചേർക്കേണ്ടതായ കാര്യങ്ങൾ സംബന്ധിച്ച് യോജിപ്പിൽ എത്തിയിരിക്കുന്നതായി സമുചിത സർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾവഴി നിർണ്ണയിച്ചിരിക്കുന്ന ഫാറത്തിൽ രേഖാമൂലം സമ്മതിച്ചിട്ടുള്ളതായി, കളക്ററർക്ക് ബോദ്ധ്യമാകുന്ന പക്ഷം, അദ്ദേഹത്തിന് കൂടുതൽ അന്വേഷണ വിചാരണ നടത്താതെ അങ്ങനെയുള്ള ഉടമ്പടിയിലെ നിബന്ധനകൾ അനുസരിച്ച് ഒരു അവാർഡ് പാസ്സാക്കാവുന്നതാണ്.

(3) (2)—ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും വസ്തുവിനുള്ള നഷ്ടപരിഹാരം നിശ്ചയിക്കുന്നത് ഈ ആക്ററിലെ മററു വ്യവസ്ഥകളനുസരിച്ചുള്ള അതേ പ്രദേശത്തോ മറെറവിടെയെങ്കിലുമോ ഉള്ള മററു വസ്തുക്കൾ സംബന്ധിച്ച നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ല.

(4) 1908—ലെ രജിസ്ട്രേഷൻ ആക്ററിൽ (1908—ലെ 16) എന്തുതന്നെ അടങ്ങിയിരുന്നാലും, (2)—ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കിയിട്ടുള്ള യാതൊരു ഉടമ്പടിയും ആ ആക്ററ് പ്രകാരം രജിസ്ററർ ചെയ്യേണ്ട ആവശ്യം ഉണ്ടായിരിക്കുന്നതല്ല.

**ഒരു അവാർഡ് ഏതു കാലയളവിനകം പാസ്സാക്കണമെന്ന്.**

11ക. പ്രഖ്യാപനം പരസ്യപ്പെടുത്തിയ തീയതി തൊട്ട് രണ്ടു വർഷത്തിനകം 11-ാം വകുപ്പുപ്രകാരം കളക്ടർ ഒരു അവാർഡ് പാസ്സാക്കേണ്ടതും ആ കാലയളവിനകം യാതൊരു അവാർഡും പാസ്സാക്കാത്തപക്ഷം വസ്തു ആർജ്ജിക്കുന്നതിനുള്ള എല്ലാ നടപടികളും അസാധുവായിത്തീരുന്നതും ആകുന്നു:

എന്നാൽ പ്രസ്തുത പ്രഖ്യാപനം 1984-ലെ വസ്തു ആർജ്ജനം (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് പരസ്യപ്പെടുത്തിയിരുന്ന സംഗതിയിൽ, അങ്ങനെ പ്രാബല്യത്തിൽ വന്ന് രണ്ടുവർഷക്കാലത്തിനുള്ളിൽ അവാർഡ് പാസ്സാക്കേണ്ടതാണ്.

<u>വിശദീകരണം</u>.—ഈ വകുപ്പിൽ പറയുന്ന രണ്ടുവർഷക്കാലയളവ് കണക്കാക്കുമ്പോൾ പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എടുക്കേണ്ട നടപടികൾ ഒരു കോടതി ഉത്തരവു വഴി നിറുത്തിവച്ചിരുന്ന കാലയളവ് ഒഴിവാക്കേണ്ടതാണ്.

**കളക്റ്ററുടെ അവാർഡ് എപ്പോൾ അന്തിമമായിരിക്കുമെന്ന്.**

12. (1) അവാർഡ് കളക്റ്ററുടെ ഓഫീസിൽ ഫയൽ ചെയ്യേണ്ടതും, അത് ഇതിനുശേഷം വ്യവസ്ഥചെയ്തിരിക്കുന്ന പ്രകാരമൊഴികെ, അന്തിമമായിരിക്കുന്നതും, താത്പര്യമുള്ള ആളുകൾ കളക്റ്ററുടെ മുമ്പാകെ ഹാജരായിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അവരെയും കളക്റ്ററെയും സംബന്ധിച്ചിടത്തോളം വസ്തുവിന്റെ ശരിയായ വിസ്തീർണ്ണം, വില, താത്പര്യമുള്ള ആളുകൾക്കായി നഷ്ടപരിഹാരത്തുക വീതിച്ചുകൊടുക്കൽ എന്നിവ സംബന്ധിച്ച നിർണ്ണായകത്തെളിവായിരിക്കുന്നതും ആകുന്നു.

(2) പാസ്സാക്കുമ്പോൾ നേരിട്ടോ പ്രതിനിധി വഴിയോ ഹാജരാകാത്ത താത്പര്യമുള്ള ആളുകൾക്ക് കളക്റ്റർ അവാർഡ് സംബന്ധിച്ച് ഉടൻ നോട്ടീസ് കൊടുക്കേണ്ടതാണ്.

**അന്വേഷണ വിചാരണ മാററിവയ്ക്കൽ.**

13. കളക്റ്റർക്ക്, യുക്തമെന്ന് തോന്നുന്ന ഏതൊരു കാരണത്തിനും, അന്വേഷണവിചാരണ കാലാകാലം താൻ നിശ്ചയിക്കുന്ന ഒരു തീയതിയിലേക്ക് മാററിവയ്ക്കാവുന്നതാണ്.

**കൈത്തെററുകളുടെയും മററും തിരുത്തൽ.**

13ക. (1) കളക്റ്റർക്ക് ഏതു സമയത്തും എന്നാൽ അവാർഡിന്റെ തീയതി തൊട്ട് ആറുമാസം കഴിയുന്നതിനു മുമ്പും കോടതിയിലേക്ക് റഫർ ചെയ്യണമെന്ന് 18-ാം വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുള്ളിടത്ത് അങ്ങനെ റഫർ ചെയ്യുന്നതിനു മുമ്പും, കളക്റ്റർക്കു സ്വമേധയാ അഥവാ താത്പര്യമുള്ള ഏതെങ്കിലും ആളുടെയോ ഒരു തദ്ദേശാധികാര സ്ഥാനത്തിന്റെയോ അപേക്ഷയിൻമേൽ, ഉത്തരവുവഴി, അവാർഡിലെ ഏതൊരു കൈത്തെററും കണക്കുകളിലുള്ള തെററും തിരുത്താവുന്നതാണ്:

എന്നാൽ ഏതെങ്കിലും ആളിനെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുള്ള യാതൊരു തിരുത്തലും ആ കാര്യം സംബന്ധിച്ച് പറയാനുള്ളത് പറയാൻ അയാൾക്ക് ന്യായമായ ഒരവസരം നൽകാതെ വരുത്താൻ പാടുള്ളതല്ല.

(2) അവാർഡിൽ വരുത്തിയ തിരുത്തൽ സംബന്ധിച്ച് കളക്ടർ താത്പര്യമുള്ള എല്ലാ ആളുകൾക്കും ഉടൻ നോട്ടീസ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം വരുത്തിയ തിരുത്തലിന്റെ ഫലമായി ഏതെങ്കിലും ആളിന് കൂടുതൽ തുക കൊടുത്തതായി തെളിയുകയാണെങ്കിൽ, അങ്ങനെ കൊടുത്ത കൂടുതൽ തുക തിരിച്ചടയ്ക്കുന്നതിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതും അതിൽ വീഴ്ച വരുത്തുകയോ തിരിച്ചടയ്ക്കാൻ വിസമ്മതിക്കുകയോ ചെയ്യുന്നപക്ഷം, ഒരു ഭൂനികുതി കുടിശ്ശിക എന്ന പോലെ അത് ഈടാക്കാവുന്നതും ആകുന്നു.

**സാക്ഷികളെയും പ്രമാണങ്ങളെയും സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനും ഉള്ള അധികാരം.**

14. ഈ ആക്റ്റ് പ്രകാരമുള്ള അന്വേഷണ വിചാരണകളുടെ ആവശ്യത്തിന്, ഒരു സിവിൽ കോടതിയുടെ സംഗതിയിൽ 1908-ലെ സിവിൽ നടപടി നിയമ സംഹിതയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന അതേ ഉപാധികൾ ഉപയോഗിച്ചും (കഴിയുന്നത്ര) അതേ രീതിയിലും തത്പര കക്ഷികളോ അവരിൽ ആരെങ്കിലുമോ ഉൾപ്പെടെയുള്ള സാക്ഷികളെ സമൺ ചെയ്യാനും അവരെ ഹാജരാക്കാനും, രേഖകൾ ഹാജരാക്കുന്നതിന് നിർബന്ധിക്കാനും കളക്റ്റർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**പരിഗണിക്കേണ്ടതും പരിഗണിക്കേണ്ടതല്ലാത്തതുമായ കാര്യങ്ങൾ**

15. നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിൽ 23-ം, 24-ം വകുപ്പുകളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ കളക്ടർക്ക് മാർഗ്ഗദർശകമായിരിക്കുന്നതാണ്.

**രേഖകൾ മുതലായവ ആവശ്യപ്പെടുന്നതിനുള്ള അധികാരം.**

15ക. 11-ാം വകുപ്പുപ്രകാരം കളക്ടർ അവാർഡ് പാസ്സാക്കുന്നതിനു മുൻപ് ഏതു സമയത്തും സമുചിത സർക്കാരിന്, (അന്വേഷണമായോ മററു വിധത്തിലോ ഉള്ള) നടപടികളുടെ ഏതൊരു രേഖയും, ഏതെങ്കിലും തീർപ്പിന്റേയോ പാസ്സാക്കിയ ഉത്തരവിന്റേയോ നിയമസാധുതയും ഔചിത്യവും അങ്ങനെയുള്ള നടപടികൾ മുറപ്രകാരമായിരുന്നു എന്നും അതിന് ബോദ്ധ്യമാകുന്നതിന്നായി, ആവശ്യപ്പെടാവുന്നതും, അത് സംബന്ധിച്ച് സർക്കാരിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കുകയോ നിർദ്ദേശം നൽകുകയോ ചെയ്യാവുന്നതും ആകുന്നു:

എന്നാൽ ഏതെങ്കിലും ആളിനെ പ്രതികൂലമായി ബാധിക്കുന്ന ഏതൊരു ഉത്തരവും നിർദ്ദേശവും അയാൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ ഒരവസരം നൽകിയശേഷമല്ലാതെ, സമുചിത സർക്കാർ പുറപ്പെടുവിക്കുകയോ നൽകുകയോ ചെയ്യാൻ പാടുള്ളതല്ല.

## കൈവശം എടുക്കൽ

**കൈവശം എടുക്കുവാനുള്ള അധികാരം.**

16. 11-ാം വകുപ്പുപ്രകാരം കളക്ടർ ഒരു അവാർഡ് പാസ്സാക്കി കഴിഞ്ഞാൽ, അയാൾക്ക് വസ്തു കൈവശം എടുക്കാവുന്നതും അതിൻമേൽ വസ്തു യാതൊരു ബാദ്ധ്യതകളുമില്ലാതെ സർക്കാരിൽ പൂർണ്ണമായി നിക്ഷിപ്തമായി തീരുന്നതും ആകുന്നു.

**അത്യാവശ്യകാര്യങ്ങളിൽ പ്രത്യേക അധികാരം.**

17. (1) സമുചിത സർക്കാർ അപ്രകാരം നിർദ്ദേശിക്കുമ്പോൾ, അത്യാവശ്യകാര്യങ്ങളിൽ യാതൊരവാർഡും പാസ്സാക്കിയിട്ടില്ലെങ്കിലും, കളക്ടർക്ക് 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറയുന്ന നോട്ടീസ് പ്രസിദ്ധീകരിച്ച് പതിനഞ്ചു ദിവസം കഴിയുന്നതിൻമേൽ, പൊതു ആവശ്യത്തിന് വേണ്ട ഏതൊരു വസ്തുവും കൈവശം എടുക്കാവുന്നതാണ്. അതിൻമേൽ അങ്ങനെയുള്ള വസ്തു, യാതൊരു ബാദ്ധ്യതകളുമില്ലാതെ സർക്കാരിൽ പൂർണ്ണമായി നിക്ഷിപ്തമാകുന്നതാണ്.

(2) ജലയാനങ്ങൾ പോകുന്ന നദിയുടെ ഗതിയിൽ പെട്ടെന്നുണ്ടാകുന്ന മാററം കൊണ്ടോ മറേറതെങ്കിലും അവിചാരിതമായുണ്ടാകുന്ന അത്യാവശ്യ സാഹചര്യം കാരണമോ ഗതാഗതം നിലനിറുത്തുന്നതിനോ ഒരു നദീതീരത്തോ കടവിലോ ഒരു സ്റേറഷനിലോ അങ്ങനെയുള്ള ഏതെങ്കിലും സ്റേറഷനുമായി സൗകര്യമായി ബന്ധപ്പെടുന്നതിനും അവിടെ എത്തിച്ചേരുന്നതിനും ഏർപ്പാടുണ്ടാക്കുന്നതിനും ഏതെങ്കിലും വസ്തു ഉടനടി കൈവശമാക്കുന്നത് ഒരു റെയിൽവേ അധികാരസ്ഥാനത്തിന് ആവശ്യമായിരിക്കുന്നിടത്തും, ജലസേചനത്തെയോ ജല വിതരണത്തേയോ മലിനജലം ഒഴുക്കുന്നതിനുള്ള ഏർപ്പാടിനെയോ റോഡ് ഗതാഗതത്തേയോ വൈദ്യുതിയേയോ സംബന്ധിച്ചുള്ള ഏതെങ്കിലും പണിപ്പാടോ സംവിധാനമോ നിലനിറുത്തുന്നതിന് ഏതെങ്കിലും വസ്തു ഉടനടി കൈവശമാക്കുന്നത് ആവശ്യമാണെന്ന് സമുചിത സർക്കാരിന് തോന്നുന്നിടത്തും, (1)-ാം ഉപവകുപ്പിൽ പറയുന്ന നോട്ടീസ് പ്രസിദ്ധീകരിച്ചു കഴിഞ്ഞാലുടൻ സമുചിത സർക്കാരിന്റെ മുൻ അനുമതിയോടുകൂടി കളക്ടർക്ക് ആ വസ്തുവിൽ പ്രവേശിക്കുകയും അത് കൈവശമാക്കുകയും ചെയ്യാവുന്നതും, അതിൻമേൽ ആ വസ്തു യാതൊരു ബാദ്ധ്യതകളുമില്ലാതെ, സർക്കാരിൽ പൂർണ്ണമായും നിക്ഷിപ്തമാകുന്നതും ആകുന്നു:

എന്നാൽ കളക്ടർ ഈ ഉപവകുപ്പു പ്രകാരം യാതൊരു കെട്ടിടവും കെട്ടിടത്തിന്റെ ഭാഗവും, അതിന്റെ കൈവശക്കാരന് താൻ അത് കൈവശം എടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് കാണിച്ചുകൊണ്ട് കുറഞ്ഞത് നാല്പത്തെട്ടു മണിക്കൂർ നേരത്തേയോ, കൈവശക്കാരന് അനാവശ്യമായ അസൗകര്യം കൂടാതെ ആ കെട്ടിടത്തിൽ നിന്ന് അയാളുടെ ജംഗമവസ്തുക്കൾ നീക്കം ചെയ്യാൻ ന്യായമായും വേണ്ട കൂടുതൽ സമയം മുമ്പോ, നോട്ടീസ് കൊടുക്കാതെ കൈവശം എടുക്കുവാൻ പാടുള്ളതല്ല.

(3) മേൽപറഞ്ഞ രണ്ട് ഉപവകുപ്പുകളുടെയും കീഴിൽ വരുന്ന എല്ലാ സംഗതികളും, കളക്ടറർ വസ്തു കൈവശം എടുക്കുന്ന സമയത്ത്, അതിലുള്ള കൊയ്യാത്ത വിളകൾക്കും വൃക്ഷങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്കും, പെട്ടെന്ന് കൈവശം എടുത്തുകളയുന്നതു കൊണ്ട് താത്പര്യമുള്ള ആളുകൾക്ക് ഉണ്ടാകുന്നതും 24–ാം വകുപ്പിൽ ഒഴിവാക്കിയിട്ടില്ലാത്തതുമായ മററു നാശനഷ്ടങ്ങൾക്കും, നഷ്ട പരിഹാരം കൊടുക്കേണ്ടതും അത് സ്വീകരിക്കാതിരിക്കുന്ന സംഗതിയിൽ അങ്ങനെയുള്ള വിളകളുടെയും വൃക്ഷങ്ങളുടെയും വിലയും, മററു നാശനഷ്ടങ്ങൾക്കുള്ള തുകയും, ഇതിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം വസ്തുവിന് നഷ്ട പരിഹാരം നിശ്ചയിക്കുമ്പോൾ അനുവദിക്കേണ്ടതാണ്.

(3ക) (1)–ാം ഉപവകുപ്പു പ്രകാരമോ (2)–ാം ഉപവകുപ്പു പ്രകാരമോ വസ്തു കൈവശം എടുക്കുന്നതിന് മുൻപ് (3)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം, കളക്ടറർ,—

(ക) വസ്തുവിൽ താത്പര്യമുള്ളവരും നഷ്ടപരിഹാരത്തിന് അവകാശപ്പെട്ടവരുമായ ആളുകൾക്ക് പ്രസ്തുത വസ്തുവിന് അയാൾ കണക്കാക്കിയ നഷ്ടപരിഹാരത്തിൻെറ എൺപതു ശതമാനം കൊടുക്കാൻ തയ്യാറായിരിക്കേണ്ടതും;

(ഖ) 31–ാം വകുപ്പ് (2)–ാം ഉപവകുപ്പിൽ പറയുന്ന ആകസ്മിക സംഭവങ്ങളിൽ ഒന്നോ അതിലധികമോ തടസ്സപ്പെടുത്തിന്നില്ലെങ്കിൽ അവർക്ക് അതു കൊടുക്കേണ്ടതും,

അപ്രകാരമുള്ള ആകസ്മിക സംഭവങ്ങൾ കാരണം നഷ്ടപരിഹാരം കൊടുക്കാൻ കളക്ടറർക്ക് കഴിയാത്തപക്ഷം, 31–ാം വകുപ്പ് (2)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾ (അതിൻെറ രണ്ടാം പരിമിതി വ്യവസ്ഥയൊഴികെ), ആ വകുപ്പുപ്രകാരം നഷ്ടപരിഹാരം നൽകുമ്പോൾ ബാധകമാകുന്നതുപോലെ, ബാധകമാകുന്നതും ആകുന്നു.

(3ഖ) (3ക) ഉപവകുപ്പുപ്രകാരം കൊടുത്തതോ ഒടുക്കിയതോ ആയ തുക 31–ാം വകുപ്പുപ്രകാരം കൊടുക്കാൻ തയ്യാറാകേണ്ട നഷ്ടപരിഹാരത്തുക തീരുമാനിക്കുമ്പോൾ കണക്കിലെടുക്കേണ്ടതും, അങ്ങനെ കൊടുത്തതോ ഒടുക്കിയതോ ആയ തുക 11–ാം വകുപ്പുപ്രകാരം കളക്ടർ നിശ്ചയിച്ച നഷ്ടപരിഹാരത്തുകയിൽ കവിയുകയാണെങ്കിൽ, അപ്രകാരമുള്ള കൂടുതൽ തുക, കളക്ടറർ പാസ്സാക്കിയ അവാർഡിൻെറ തീയതിതൊട്ട് ആറു മാസത്തിനകം തിരിച്ചടയ്ക്കാതിരിക്കുന്നപക്ഷം, അത് ഭൂമിക്കരത്തിൻെറ കുടിശ്ശിക എന്നപോലെ, ഈടാക്കാവുന്നതും ആകുന്നു.

(4) സമുചിത സർക്കാരിൻെറ അഭിപ്രായത്തിൽ (1)–ാം ഉപവകുപ്പിലേയോ (2)–ാം ഉപവകുപ്പിലേയോ വ്യവസ്ഥകൾ ബാധകമാകുന്ന ഏതൊരു വസ്തുവിൻെറ സംഗതിയിലും, 5ക വകുപ്പിലെ വ്യവസ്ഥകൾ ബാധകമല്ലെന്ന് സമുചിത സർക്കാരിന് നിർദ്ദേശിക്കാവുന്നതും, അപ്രകാരം നിർദ്ദേശിക്കുകയാണെങ്കിൽ 4–ാം വകുപ്പ് (1)–ാം ഉപവകുപ്പുപ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതിക്കുശേഷം ഏതൊരു സമയത്തും വസ്തു സംബന്ധിച്ച് 6–ാം വകുപ്പുപ്രകാരം ഒരു പ്രഖ്യാപനം നടത്താവുന്നതും ആകുന്നു.

## ഭാഗം III

### കോടതിക്ക് റഫർ ചെയ്യലും അതിനുള്ള നടപടിക്രമവും

18. (1) താത്പര്യമുള്ള ഏതൊരാൾക്കും അയാൾ അവാർഡ് സ്വീകരിച്ചിട്ടില്ലെങ്കിൽ തൻെറ ആക്ഷേപം വസ്തുവിൻെറ അളവിനെപ്പററിയോ നഷ്ടപരിഹാരത്തുകയെപ്പററിയോ അതു കൊടുക്കേണ്ട ആളുകളെപ്പററിയോ താത്പര്യമുള്ള ആളുകൾക്കായി നഷ്ടപരിഹാരത്തുക വീതിച്ചുകൊടുക്കുന്നതിനെപ്പററിയോ ആകട്ടെ, കളക്ടറർ ആ കാര്യം കോടതിയുടെ തീരുമാനത്തിനായി റഫർ ചെയ്യണമെന്ന് അദ്ദേഹത്തിനു നൽകുന്ന രേഖാമൂലമായ അപേക്ഷവഴി ആവശ്യപ്പെടാവുന്നതാണ്. **കോടതിക്ക് റഫർ ചെയ്യൽ.**

(2) അവാർഡ് സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ അപേക്ഷയിൽ പറഞ്ഞിരിക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള ഓരോ അപേക്ഷയും—

(ക) അതു ബോധിപ്പിക്കുന്ന ആൾ കളക്റ്റർ അവാർഡ് പുറപ്പെടുവിച്ച സമയം കളക്റ്ററുടെ മുമ്പാകെ ഹാജരായിരിക്കുകയോ, പ്രതിനിധിവഴി ഹാജരായിരിക്കുകയോ ചെയ്തിരുന്നെങ്കിൽ, കളക്റ്ററുടെ അവാർഡിന്റെ തീയതിതൊട്ട് ആറ് ആഴ്ചയ്ക്കകവും;

(ഖ) മററു സംഗതികളിൽ, 12–ാം വകുപ്പ് (2)–ാം ഉപവകുപ്പ് പ്രകാരമുള്ള കളക്റ്ററുടെ നോട്ടീസ് കിട്ടി ആറാഴ്ചയ്ക്കകമോ കളക്റ്ററുടെ അവാർഡിന്റെ തീയതിതൊട്ട് ആറുമാസത്തിനകമോ ഇതിൽ ഏതു കാലയളവാണോ ആദ്യം അവസാനിക്കുന്നത് ആ കാലത്തിനകത്തും,

ബോധിപ്പിക്കേണ്ടതാകുന്നു.

**കളക്ടർ കോടതിക്കു നല്കേണ്ട വിവരണ പത്രിക.**

19. (1) കളക്ടർ റഫർ ചെയ്യുമ്പോൾ കോടതിയുടെ അറിവിനായി,

(ക) വസ്തുവിലുള്ള വൃക്ഷങ്ങളും കെട്ടിടങ്ങളും കൊയ്യാത്ത വിളകളും സംബന്ധിച്ച വിവരങ്ങൾ സഹിതം, വസ്തുവിന്റെ കിടപ്പും വിസ്തീർണ്ണവും;

(ഖ) അങ്ങനെയുള്ള വസ്തുവിൽ താത്പര്യമുണ്ടെന്നു തോന്നാൻ തനിക്കു കാരണമുള്ള ആളുകളുടെ പേരും;

(ഗ) 5, 17 എന്നീ വകുപ്പുകളോ അവയിലേതെങ്കിലും വകുപ്പോ പ്രകാരം നിശ്ചയിക്കുകയും കൊടുക്കുകയും ചെയ്ത അഥവാ കൊടുക്കാൻ തയ്യാറായ നഷ്ടപരിഹാരത്തുകയും, 11–ാം വകുപ്പുപ്രകാരം നിശ്ചയിച്ച നഷ്ടപരിഹാരത്തുകയും;

(ഗഗ) 17–ാം വകുപ്പ് (3ക) ഉപവകുപ്പ് പ്രകാരം കൊടുത്തതോ ഒടുക്കിയതോ ആയ തുകയും;

(ഘ) ആക്ഷേപം നഷ്ടപരിഹാരത്തുക സംബന്ധിച്ചാണെങ്കിൽ, നഷ്ട പരിഹാരത്തുക എന്തടിസ്ഥാനത്തിലാണ് നിശ്ചയിച്ചത് എന്നും,

കാണിച്ചുകൊണ്ട്, തന്റെ കൈയൊപ്പോടുകൂടി ഒരു വിവരണപത്രിക സമർപ്പിക്കേണ്ടതാണ്.

(2) താത്പര്യമുള്ള കക്ഷികളുടെമേൽ നടത്തിയ നോട്ടീസിന്റെ വിവരങ്ങളും. അവർ യഥാക്രമം രേഖാമൂലം നൽകിയതോ ഏൽപ്പിച്ചുകൊടുത്തതോ ആയ വിവരണപത്രിക സംബന്ധിച്ച വിവരണങ്ങളും നൽകിക്കൊണ്ടുള്ള ഒരു പട്ടിക മേൽപ്പറഞ്ഞ വിവരണപത്രികയോടുകൂടി ചേർത്തിരിക്കേണ്ടതാണ്.

**നോട്ടീസു നടത്തൽ**

20. അതിൻമേൽ, ആക്ഷേപം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നതിനുള്ള ദിവസം കാണിച്ചുകൊണ്ടും, ആ ദിവസം കോടതി മുമ്പാകെ താഴെ പറയുന്ന ആളുകൾ ഹാജരാകണമെന്ന് നിർദ്ദേശിച്ചുകൊണ്ടും കോടതി ഒരു നോട്ടീസ് അവരുടെമേൽ നടത്തിക്കേണ്ടതാണ്, അതായത്:—

(ക) അപേക്ഷകൻ;

(ഖ) അവർവഴി നിശ്ചയിച്ച നഷ്ടപരിഹാരത്തുക എതിർപ്പില്ലാതെ സ്വീകരിക്കുവാൻ സമ്മതിച്ചവർ (ഉണ്ടെങ്കിൽ) ഒഴികെ ആക്ഷേപത്തിൽ താത്പര്യമുള്ള എല്ലാ ആളുകളും;

(ഗ) ആക്ഷേപം വസ്തുവിന്റെ വിസ്തീർണ്ണത്തെയോ നഷ്ടപരിഹാരത്തുകയെയോ സംബന്ധിച്ചാണെങ്കിൽ, കളക്റ്റർ.

**നടപടികളുടെ വ്യാപ്തി എത്ര മാത്രമെന്ന്**

21. അപ്രകാരമുള്ള എല്ലാ നടപടികളിലും അന്വേഷണവിചാരണ, ആക്ഷേപം ദോഷകരമായി ബാധിക്കുന്ന ആളുകളുടെ താത്പര്യങ്ങൾ പരിഗണിക്കുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്.

**നടപടികൾ തുറന്ന കോടതിയിൽ വച്ചായിരിക്കണമെന്ന്**

22. അപ്രകാരമുള്ള എല്ലാ നടപടികളും തുറന്ന കോടതിയിൽവച്ച് ആയിരിക്കേണ്ടതും, സംസ്ഥാനത്തെ ഏതെങ്കിലും സിവിൽ കോടതിയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെടാൻ അവകാശമുള്ള എല്ലാ ആളുകൾക്കും അങ്ങനെയുള്ള നടപടിയിൽ, (അതതു സംഗതിപോലെ), ഹാജരായി നടത്തുന്നതിനും പ്രവർത്തിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

**നഷ്ടപരിഹാരത്തുക നിശ്ചയിക്കുമ്പോൾ പരിഗണിക്കേണ്ട കാര്യങ്ങൾ**

23. (1) ഈ ആക്ടുപ്രകാരം ആർജ്ജിക്കുന്ന വസ്തുവിനു കൊടുക്കേണ്ട നഷ്ടപരിഹാരത്തുക നിശ്ചയിക്കുമ്പോൾ കോടതി താഴെ പറയുന്ന സംഗതികൾ പരിഗണിക്കേണ്ടതാണ്, അതായത്:—

ഒന്നാമത്, 4—ാം വകുപ്പ് (1)—ാം ഉപവകുപ്പുപ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയിൽ വസ്തുവിനുള്ള കമ്പോളവില;

രണ്ടാമത്, കളക്റ്റർ വസ്തു കൈവശം എടുക്കുന്ന സമയത്ത് അതിൽ ഉണ്ടായിരുന്ന കൊയ്യാത്ത വിളകളും വൃക്ഷങ്ങളും നീക്കംചെയ്യുന്നതുകൊണ്ട് താത്പര്യമുള്ള ആൾക്ക് ഉണ്ടാകുന്ന നഷ്ടം;

മൂന്നാമത്, കളക്ടർ വസ്തു കൈവശം എടുക്കുന്ന സമയത്ത് താത്പര്യമുള്ള ആൾക്ക്, അങ്ങനെയുള്ള വസ്തു അയാളുടെ മററു വസ്തുക്കളിൽനിന്ന് വേർപെടുത്തുന്നതുകൊണ്ട് ഉണ്ടാകുന്ന (ഉണ്ടാകുന്നെങ്കിൽ) നഷ്ടം;

നാലാമത്, കളക്ടർ വസ്തു കൈവശം എടുക്കുന്ന സമയത്ത് താത്പര്യമുള്ള ആളുടെ സ്ഥാവരമോ ജംഗമമോ ആയ മററു വസ്തുക്കളേയോ സമ്പാദ്യത്തെയോ, ആർജ്ജനം മറേറതെങ്കിലും വിധത്തിൽ ദോഷകരമായി ബാധിക്കുന്നതുവഴി, അയാൾക്ക് ഉണ്ടാകുന്ന (ഉണ്ടാകുന്നെങ്കിൽ) നഷ്ടം

അഞ്ചാമത്, കളക്ടർ വസ്തു ആർജ്ജിക്കുന്നതിന്റെ അനന്തര ഫലമായി താത്പര്യമുള്ള ആൾ തന്റെ വാസസ്ഥലമോ വ്യാപാര സ്ഥലമോ മാററുവാൻ നിർബന്ധിതനാകുന്നപക്ഷം, അങ്ങനെയുള്ള മാററത്തിന് ആനുഷംഗികമായി ഉണ്ടാകുന്ന (ഉണ്ടാകുന്നെങ്കിൽ) ന്യായമായ ചെലവുകൾ;

ആറാമത്, ,6—ാം വകുപ്പുപ്രകാരം പ്രഖ്യാപനം പ്രസിദ്ധീകരിച്ച സമയത്തിനും കളക്ടർ വസ്തു കൈവശം എടുത്ത സമയത്തിനും ഇടയ്ക്ക് വസ്തുവിൽ നിന്നുള്ള ആദായം കുറയുന്നതുവഴി യഥാർത്ഥത്തിൽ ഉണ്ടായ (ഉണ്ടാകുന്നെങ്കിൽ) നഷ്ടം:

(1ക) മുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നൽകുന്ന വസ്തുവിന്റെ കമ്പോള വിലയ്ക്കു പുറമേ അങ്ങനെയുള്ള വസ്തു സംബന്ധിച്ച് 4—ാം വകുപ്പ് (1)—ാം ഉപവകുപ്പു പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതിതൊട്ട് ആരംഭിക്കുന്നതും അവാർഡ് പാസ്സാക്കുന്ന തീയതിയോ വസ്തു കൈവശം എടുക്കുന്ന തീയതിയോ, ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തീയതി വരെ ഉള്ളതും ആയ കാലത്തേക്കു അപ്രകാരമുള്ള കമ്പോളവിലയ്ക്ക് പ്രതിവർഷം പന്ത്രണ്ടു ശതമാനം നിരക്കിൽ കണക്കാക്കിയ തുക കൂടി എല്ലാ സംഗതികളിലും കോടതി അനുവദിക്കേണ്ടതാണ്.

വിശദീകരണം:—ഈ ഉപവകുപ്പിൽ പറയുന്ന കാലയളവു കണക്കാക്കുമ്പോൾ വസ്തു ആർജ്ജിക്കുന്നതിനുള്ള നടപടികൾ അവ നിറുത്തിവച്ചുകൊണ്ടോ നിരോധിച്ചുകൊണ്ടോ ഉള്ള ഒരു കോടതി ഉത്തരവ് കാരണം നിറുത്തിവയ്ക്കുകയോ നിരോധിക്കുകയോ ചെയ്തതിനാൽ നിറുത്തിവയ്ക്കേണ്ടിവന്ന കാലയളവു ഒഴിവാക്കേണ്ടതാണ്.

(2) മുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നൽകുന്ന വസ്തുവിന്റെ കമ്പോളവിലയ്ക്കു പുറമേ ആർജ്ജനത്തിന്റെ നിർബന്ധിത സ്വഭാവം പരിഗണിച്ച്, കോടതി ഓരോ സംഗതിയിലും അപ്രകാരമുള്ള കമ്പോളവിലയുടെ മുപ്പതു ശതമാനം വരുന്ന തുക കൂടി അനുവദിക്കേണ്ടതാണ്.

നഷ്ടപരിഹാരത്തുക കണക്കാക്കുമ്പോൾ പരിഗണിക്കേണ്ടാത്ത കാര്യങ്ങൾ

24. എന്നാൽ കോടതി താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കാൻ പാടില്ലാത്തതാകുന്നു, അതായത് :—

ഒന്നാമത്, ആർജ്ജനത്തിന് ഇടയാക്കിയ സാഹചര്യം എത്ര അടിയന്തിരമായിരുന്നു എന്നത്;

രണ്ടാമത്, ആർജ്ജിച്ച വസ്തു വിട്ടുകൊടുക്കാനുള്ള, താത്പര്യമുള്ള ആളുടെ വൈമനസ്യം;

മൂന്നാമത്, അയാൾക്കുണ്ടായതും, ഒരു സ്വകാര്യ വ്യക്തിയാണ് വരുത്തിയിരുന്നതെങ്കിൽ ആ വ്യക്തിയേ വ്യവഹാര വിധേയനാക്കുവാൻ കഴിയാത്തതും ആയ നഷ്ടം;

നാലാമത്, 6—ാം വകുപ്പുപ്രകാരം പ്രഖ്യാപനം പ്രസിദ്ധീകരിച്ച തീയതിക്കുശേഷം ആർജ്ജിത വസ്തു ഉപയോഗപ്പെടുത്തുന്നതിനാലോ ഉപയോഗപ്പെടുത്തുന്നതിന്റെ അനന്തര ഫലമായോ വസ്തുവിന് ഉണ്ടാകാനിടയുള്ള നഷ്ടം;

അഞ്ചാമത്, ആർജ്ജിച്ച വസ്തു ഉപയോഗപ്പെടുത്തുന്നതിൽ നിന്ന് വസ്തുവിന് ഉണ്ടാകാനിടയുള്ള വിലവർദ്ധന;

ആറാമത്, ആർജ്ജിച്ച വസ്തു ഉപയോഗപ്പെടുത്തുന്നതിൽ നിന്ന് താത്പര്യമുള്ള ആളുടെ മററു വസ്തുക്കളുടെ വിലയിൽ ഉണ്ടാകാൻ ഇടയുള്ള വർദ്ധന;

ഏഴാമത്, 4—ാം വകുപ്പ് (1)—ാം ഉപവകുപ്പു പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച തീയതിക്കുശേഷം കളക്ടറുടെ അനുവാദം കൂടാതെ ആർജ്ജിത വസ്തുവിൽ മുടക്കിയ മുതലും നടത്തിയ ദേഹണ്ഡങ്ങളും അതിന്റെ കയ്യൊഴിയലും;

എട്ടാമത്, നിയമവിരുദ്ധവും പൊതു നൻമയ്ക്ക് എതിരായുള്ളതുമായ ഏതെങ്കിലും കാര്യത്തിന് ഉപയോഗിക്കുന്നതു വഴി വസ്തുവിനുണ്ടായ വിലവർദ്ധന.

കോടതി അനുവദിക്കുന്ന നഷ്ടപരിഹാരത്തുക കളക്ററർ അനുവദിച്ച തുകയേക്കാൾ ചെറുതാകാൻ പാടില്ലെന്ന്

25. കോടതി അനുവദിക്കുന്ന നഷ്ടപരിഹാരത്തുക 11—ാം വകുപ്പു പ്രകാരം കളക്ടർ അനുവദിച്ച തുകയേക്കാൾ ചെറുതാകാൻ പാടുള്ളതല്ല.

അവാർഡുകളുടെ ഫാറം

26. (1) ഈ ഭാഗപ്രകാരം പാസ്സാക്കുന്ന ഏതൊരു അവാർഡും രേഖാമൂലമായിരിക്കേണ്ടതും ജഡ്ജി അതിൽ ഒപ്പിട്ടിരിക്കേണ്ടതും, 23—ാം വകുപ്പ് (1)—ാം ഉപവകുപ്പ് ഒന്നാം ഖണ്ഡപ്രകാരം അനുവദിച്ച തുകയും അതേ ഉപവകുപ്പിലെ മററു ഖണ്ഡങ്ങൾ ഓരോന്നു പ്രകാരവും യഥാക്രമം അനുവദിച്ച തുകയും (അനുവദിച്ചിട്ടുണ്ടെങ്കിൽ), മേൽപറഞ്ഞ തുകകൾ ഓരോന്നും അനുവദിക്കുന്നതിനുള്ള കാരണങ്ങളും വ്യക്തമാക്കിയിരിക്കേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള ഏതൊരു അവാർഡും അങ്ങനെയുള്ള അവാർഡിന്റെ കാരണങ്ങൾ ഉൾക്കൊള്ളുന്ന വിവരണപത്രികയും യഥാക്രമം 1908—ലെ സിവിൽ നടപടി നിയമസംഹിത (1908—ലെ 5) 2—ാം വകുപ്പ് (2)—ാം ഖണ്ഡത്തിന്റെയും 2—ാം വകുപ്പ് (9)—ാം ഖണ്ഡത്തിന്റെയും അർത്ഥത്തിൽ ഒരു ഡിക്രിയായും വിധിന്യായമായും കരുതപ്പെടുന്നതാണ്.

കോടതിച്ചെലവുകൾ

27. (1) അങ്ങനെയുള്ള ഏതൊരു അവാർഡും, ഈ ഭാഗപ്രകാരം എടുത്ത നടപടികൾ സംബന്ധിച്ചുണ്ടായ ചെലവ് ഇത്രയെന്നും, ആരെല്ലാം ഏത് അനുപാതത്തിൽ അത് കൊടുക്കണമെന്നും പ്രസ്താവിക്കേണ്ടതാണ്.

(2) കളക്ടറുടെ അവാർഡ് കോടതി അംഗീകരിക്കാതിരിക്കുന്നിടത്ത്, അപേക്ഷകന്റെ തീർച്ച അതിരുകവിഞ്ഞതാണെന്നും, അഥവാ കളക്ടറുടെ മുമ്പാകെ തന്റെ കേസ് അവതരിപ്പിക്കുന്നതിൽ അയാൾ വളരെ ഉപേക്ഷ കാണിച്ചെന്നും അതിനാൽ കോടതിച്ചെലവിൽ അല്പം കുറവ് വരുത്തണമെന്നോ കളക്ടർക്ക് നൽകേണ്ട കോടതിച്ചെലവിന്റെ ഒരു ഭാഗം അപേക്ഷകൻ കൊടുക്കേണ്ടതാണെന്നോ കോടതിക്കു അഭിപ്രായമില്ലാത്തപക്ഷം, സാധാരണ ഗതിയിൽ, കോടതിച്ചെലവ് കളക്ടർ കൊടുക്കേണ്ടതാണ്.

അധികനഷ്ട പരിഹാരത്തുകയിൻമേൽ പലിശ കൊടുക്കാൻ നിർദ്ദേശിക്കാമെന്ന്

28. കോടതിയുടെ അഭിപ്രായത്തിൽ കളക്ടർ നഷ്ടപരിഹാരമായി കൊടുക്കേണ്ടിയിരുന്ന തുക നഷ്ടപരിഹാരമായി അദ്ദേഹം യഥാർത്ഥത്തിൽ കൊടുത്ത തുകയിൽ കവിയുന്നിടത്ത്, വസ്തു കൈവശം ഏറ്റെടുത്ത തീയതി തൊട്ട് അങ്ങനെയുള്ള അധികത്തുക കോടതിയിൽ അടയ്ക്കുന്ന തീയതിവരെ പ്രതിവർഷം ഒൻപതു ശതമാനം നിരക്കിൽ പ്രസ്തുത അധിക തുകയിൻമേൽ കളക്ടർ പലിശ കൊടുക്കേണ്ടതാണെന്ന് കോടതിയുടെ അവാർഡിൽ നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ വസ്തു കൈവശമെടുത്ത തീയതി തൊട്ട് ഒരു വർഷം കഴിഞ്ഞതിനു ശേഷമാണ് അപ്രകാരമുള്ള അധികത്തുകയോ അതിന്റെ ഏതെങ്കിലും ഭാഗമോ കോടതിയിൽ അടയ്ക്കുന്നതെങ്കിൽ, അങ്ങനെയുള്ള ഒരു വർഷക്കാലയളവ് അവസാനിക്കുന്ന തീയതിക്കു മുമ്പ് കോടതിയിലടയ്ക്കാതിരുന്ന അധികത്തുകയ്ക്ക് അഥവാ അതിന്റെ ഭാഗത്തിനു മേൽപ്പറഞ്ഞ ഒരു വർഷക്കാലയളവ് അവസാനിക്കുന്ന തീയതി തൊട്ട് പതിനഞ്ചു ശതമാനം നിരക്കിൽ പലിശ കൊടുക്കേണ്ടതാണ് എന്ന് കോടതിയുടെ അവാർഡിൽ നിർദ്ദേശിക്കാവുന്നതാണ്.

കോടതിയുടെ അവാർഡിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക പുനർനിർണ്ണയം ചെയ്യൽ

28ക. (1) ഈ ഭാഗപ്രകാരമുള്ള ഒരു അവാർഡിൽ കോടതി, 11–ാം വകുപ്പു പ്രകാരം കളക്ടർ അനുവദിച്ച തുകയിൽ കവിഞ്ഞ ഒരു തുക നഷ്ടപരിഹാരമായി അപേക്ഷകന് അനുവദിക്കുന്നിടത്ത്, 4–ാം വകുപ്പ് (1)–ാം ഉപവകുപ്പു പ്രകാരമുള്ള അതേ വിജ്ഞാപനത്തിൽ പറയുന്ന മററു വസ്തുക്കളിൽ താത്പര്യമുള്ളവരും കളക്ടററുടെ അവാർഡു വഴി സങ്കടമനുഭവിക്കുന്നവരും ആയ ആളുകൾക്കു, 18–ാം വകുപ്പു പ്രകാരം കളക്ടറർക്ക് രേഖാമൂലം ഒരു അപേക്ഷ അവർ നൽകിയിട്ടില്ല എന്നിരുന്നാലും, കോടതി അനുവദിച്ച നഷ്ടപരിഹാരത്തുകയുടെ അടിസ്ഥാനത്തിൽ തങ്ങൾക്ക് കിട്ടാനുള്ള നഷ്ടപരിഹാരത്തുക പുനർനിർണ്ണയം ചെയ്യണമെന്ന് കോടതിയുടെ അവാർഡ് തീയതി മുതൽ മൂന്നു മാസത്തിനകം കളക്ടററോട് രേഖാമൂലം അപേക്ഷിച്ച് ആവശ്യപ്പെടാവുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പു പ്രകാരം കളക്ടറർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മൂന്നു മാസക്കാലം കണക്കാക്കുമ്പോൾ, അവാർഡ് പാസ്സാക്കിയ ദിവസവും അതിന്റെ ഒരു പകർപ്പ് എടുക്കുന്നതിനുവേണ്ടി വന്ന സമയവും ഒഴിവാക്കേണ്ടതാണ്.

(2) (1)–ാം ഉപവകുപ്പു പ്രകാരമുള്ള ഒരപേക്ഷ ലഭിക്കുന്നതിൻമേൽ, താത്പര്യമുള്ള ആളുകൾക്കെല്ലാം നോട്ടീസ് കൊടുത്തതിനു ശേഷവും, അവർക്ക് പറയാനുള്ളത് പറയാൻ ന്യായമായ ഒരവസരം നൽകിയതിനു ശേഷവും, കളക്ടർ ഒരു അന്വേഷണം നടത്തേണ്ടതും അപേക്ഷകർക്ക് കൊടുക്കാനുള്ള നഷ്ടപരിഹാരത്തുക നിശ്ചയിച്ചുകൊണ്ടുള്ള ഒരു അവാർഡ് പാസ്സാക്കേണ്ടതും ആകുന്നു.

(3) (2)–ാം ഉപവകുപ്പു പ്രകാരമുള്ള അവാർഡ് സ്വീകരിക്കാൻ വിസമ്മതിച്ച ഏതൊരാൾക്കും, കളക്ടറർക്ക് രേഖാമൂലം അപേക്ഷ നൽകുന്നതു വഴി, ആ കാര്യം കോടതിയുടെ തീരുമാനത്തിന് കളക്ടറർ അയയ്ക്കണമെന്ന് ആവശ്യപ്പെടാവുന്നതും, 18 മുതൽ 28 വരെയുള്ള, വകുപ്പുകളിലെ വ്യവസ്ഥകൾ 18–ാം വകുപ്പനുസരിച്ച് ഒരു റഫറൻസിന് ബാധകമാകുന്നതുപോലെ കഴിയുന്നത്ര, അങ്ങനെയുള്ള റഫറൻസിനും ബാധകമാകുന്നതും ആകുന്നു.

## ഭാഗം IV

### നഷ്ടപരിഹാരത്തുക വീതിച്ചെടുക്കൽ

**വീതിച്ചെടുക്കുന്നതു സംബന്ധിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കണമെന്ന്.**

29. താത്പര്യമുള്ള ആളുകൾ പലർ ഉള്ളിടത്ത്, അങ്ങനെയുള്ള ആളുകൾ നഷ്ടപരിഹാരത്തുക വീതിച്ചെടുക്കൽ സംബന്ധിച്ചു യോജിപ്പിലാണെങ്കിൽ അങ്ങനെയുള്ള വീതിച്ചെടുക്കൽ സംബന്ധിച്ച വിവരങ്ങൾ അവാർഡിൽ വ്യക്തമാക്കേണ്ടതും, അങ്ങനെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം വീതിച്ചെടുക്കലിന്റെ കൃത്യത സംബന്ധിച്ചുള്ള നിർണ്ണായക തെളിവ് അവാർഡ് ആയിരിക്കുന്നതും ആകുന്നു.

**വീതിച്ചെടുക്കൽ സംബന്ധിച്ച തർക്കം.**

30. 11-ാം വകുപ്പു പ്രകാരം നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുള്ളിടത്ത്, അതോ അതിന്റെ ഏതെങ്കിലും ഭാഗമോ വീതിച്ചെടുക്കുന്നതു സംബന്ധിച്ചോ അതോ അതിന്റെ ഏതെങ്കിലും ഭാഗമോ ലഭിക്കേണ്ട ആളുകളെ സംബന്ധിച്ചോ എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം, ആ തർക്കം കളക്ടറർക്കു കോടതിയുടെ തീരുമാനത്തിനായി അയയ്ക്കാവുന്നതാണ്.

## ഭാഗം V

### പണം കൊടുക്കൽ

**നഷ്ടപരിഹാരത്തുക നല്കുകയോ അത് കോടതിയിൽ കെട്ടി വയ്ക്കുകയോ ചെയ്യൽ**

31. (1) 11-ാം വകുപ്പു പ്രകാരം ഒരു അവാർഡ് പാസ്സാക്കുന്നതിൻമേൽ കളക്ടറർ, താത്പര്യമുള്ളവരിൽ അവാർഡനുസരിച്ച് നഷ്ടപരിഹാരത്തുകയ്ക്ക് അർഹരായവർക്ക് അവാർഡ് ചെയ്ത നഷ്ടപരിഹാരത്തുക കൊടുക്കാൻ തയ്യാറാകേണ്ടതും, അടുത്ത ഉപവകുപ്പിൽ പറയുന്ന ഒന്നോ അതിലധികമോ സാഹചര്യങ്ങൾ തടസ്സമാകാത്തപക്ഷം അത് അവർക്ക് നൽകേണ്ടതും ആകുന്നു.

(2) അവർ അത് സ്വീകരിക്കാൻ വിസമ്മതിക്കുകയോ വസ്തു അന്യാധീനപ്പെടുത്തുവാൻ ക്ഷമതയുള്ള യാതൊരാളും ഇല്ലാതിരിക്കുകയോ, നഷ്ടപരിഹാരത്തുക ലഭിക്കാനുള്ള അവകാശം സംബന്ധിച്ചോ അത് വീതം വയ്ക്കുന്നതു സംബന്ധിച്ചോ ഏതെങ്കിലും തർക്കം ഉണ്ടായിരിക്കുകയോ ചെയ്യുന്നപക്ഷം, 18-ാം വകുപ്പു പ്രകാരം ഒരു റഫറൻസ് സമർപ്പിക്കേണ്ട കോടതിയിൽ നഷ്ടപരിഹാരത്തുക കളക്ടറർ നിക്ഷേപിക്കേണ്ടതാണ്:

എന്നാൽ താത്പര്യമുള്ള ആളെന്ന് അംഗീകരിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള തുകയുടെ പര്യാപ്തത സംബന്ധിച്ചു പ്രതിഷേധം പ്രകടമാക്കിക്കൊണ്ട് ആ തുക സ്വീകരിക്കാവുന്നതാണ്:

എന്നു മാത്രമല്ല പ്രതിഷേധം പ്രകടിപ്പിക്കാതെ തുക സ്വീകരിക്കുന്ന യാതൊരാൾക്കും 18-ാം വകുപ്പു പ്രകാരമുള്ള അപേക്ഷ നൽകാൻ അവകാശമുണ്ടായിരിക്കുന്നതല്ല:

എന്നുതന്നെയല്ല ഇതിൽ അടങ്ങിയിട്ടുള്ള യാതൊന്നും, ഈ ആക്ററുപ്രകാരം അനുവദിച്ച ഏതെങ്കിലും നഷ്ടപരിഹാരത്തുകയ്ക്ക് നിയമപ്രകാരം അവകാശമുള്ള ആൾക്ക് ആ തുക നൽകുന്നതിന്; നഷ്ടപരിഹാരത്തുക മുഴുവനായോ ഭാഗികമായോ സ്വീകരിച്ച ഒരാൾക്കുള്ള ബാദ്ധ്യതയെ ബാധിക്കുന്നതല്ല.

(3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കളക്ടറർക്ക്, സമുചിത സർക്കാരിന്റെ അനുവാദത്തോടുകൂടി, ഏതെങ്കിലും വസ്തു സംബന്ധിച്ചുള്ള നഷ്ടപരിഹാരം പണമായി നൽകുന്നതിനു പകരം ബന്ധപ്പെട്ട കക്ഷികളുടെ താത്പര്യം കണക്കിലെടുത്തുകൊണ്ട് മററു വസ്തുക്കൾ പകരം നൽകിക്കൊണ്ടോ അതേ പട്ടയത്തിൻകീഴിൽ കൈവശമുള്ള മററു വസ്തുക്കളുടെ ഭൂനികുതിയിൽ ഇളവു ചെയ്തുകൊണ്ടോ നീതിപൂർവ്വമായ മറേറതെങ്കിലും വിധത്തിലോ അങ്ങനെയുള്ള വസ്തുവിൽ പരിമിതമായ അവകാശമുള്ള ആളുമായി ഏതൊരു ഏർപ്പാടും ചെയ്യാവുന്നതാണ്.

(4) , ഇതിന് തൊട്ടുമുമ്പുള്ള ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും വസ്തുവിൽ താത്പര്യവും അത് സംബന്ധിച്ച് കരാറിലേർപ്പെടാൻ ക്ഷമതയും ഉള്ള ഒരാളുമായി എന്തെങ്കിലും ഏർപ്പാട് ഉണ്ടാക്കുന്നതിന് കളക്റ്റർക്കുള്ള അധികാരം പ്രയോഗിക്കുന്നതിന് തടസ്സമുണ്ടാക്കുന്നതായോ അധികാരം പരിമിതപ്പെടുത്തുന്നതായോ കരുതാൻ പാടുള്ളതല്ല.

അന്യാധീനപ്പെടുത്താൻ ക്ഷമതയില്ലാത്ത ആളുകളുടെ വസ്തു സംബന്ധിച്ച് കെട്ടിവെച്ചിട്ടുള്ള തുകയുടെ നിക്ഷേപം.

32. (1) തൊട്ടുമുമ്പുള്ള വകുപ്പിന്റെ (2)-ം ഉപവകുപ്പുപ്രകാരം എന്തെങ്കിലും തുക കോടതിയിൽ കെട്ടിവച്ചിരിക്കുകയും, ഏത് വസ്തു സംബന്ധിച്ചാണോ ആ തുക അവാർഡ് ചെയ്തത്, ആ വസ്തു അന്യാധീനപ്പെടുത്താൻ യാതൊരു അധികാരവും. ഇല്ലാത്ത ഒരാളുടേതാണെന്ന് കാണപ്പെടുകയും ചെയ്യുന്നിടത്ത്, കോടതി___

(ക) ഏത് വസ്തു സംബന്ധിച്ചാണോ ആ തുക കെട്ടിവച്ചിരിക്കുന്നത് ആ വസ്തു കൈവശം വച്ചിരുന്ന അവകാശത്തിനും ഉടമാവകാശ വ്യവസ്ഥകൾക്കും സമാനമായ അവകാശത്തോടും വ്യവസ്ഥകളോടും കൂടി കൈവശം വയ്ക്കുന്നതിന് മററു വസ്തുക്കൾ വാങ്ങുന്നതിലേക്കായി, ആ തുക ഉപയോഗിക്കുന്നതിനും,

(ഖ) അങ്ങനെയുള്ള വസ്തു വാങ്ങൽ ഉടൻതന്നെ നടത്താൻ സാധിക്കാത്തപക്ഷം, കോടതിക്ക് യുക്തമെന്നുതോന്നുന്ന സർക്കാർ ഈടുപത്രങ്ങളിലോ മററ് അംഗീകൃത ഈടുപത്രങ്ങളിലോ നിക്ഷേപിക്കുന്നതിനും,

ഉത്തരവാകേണ്ടതും, പ്രസ്തുത നിക്ഷേപത്തിൽനിന്ന് ലഭിക്കുന്ന പലിശയും മററു വരുമാനവും മേൽപറഞ്ഞ വസ്തു അപ്പോൾ കൈവശം വയ്ക്കാൻ അവകാശമുണ്ടായിരിക്കുമായിരുന്ന ആൾക്കോ ആളുകൾക്കോ നൽകാൻ നിർദ്ദേശം നൽകേണ്ടതും,

(i) മേൽപറഞ്ഞ പ്രകാരം മററു വസ്തുക്കൾ വാങ്ങുന്നതിനോ,

(ii) തുക ലഭിക്കുന്നതിന് പൂർണ്ണമായും അവകാശിയായിത്തീരുന്ന ഏതെങ്കിലും ആൾക്കോ ആളുകൾക്കോ കൊടുക്കുന്നതിനോ,

ഉപയോഗപ്പെടുത്തുന്നതുവരെ, ആ തുക കെട്ടിവച്ച തുകയായോ നിക്ഷേപമായോ തുടരുന്നതും ആകുന്നു.

(2) ഈ വകുപ്പു ബാധകമാകുന്ന എല്ലാ കെട്ടിവച്ച തുകകളുടെ സംഗതിയിലും താഴെപ്പറയുന്ന കാര്യങ്ങൾക്കുള്ള ചെലവ്, ന്യായമായതും ആ കാര്യങ്ങൾക്ക് ആനുഷംഗികമായതും ആയ ചെലവുകളും ഉൾപ്പെടെ, കളക്റ്റർ നൽകണമെന്ന് കോടതി ഉത്തരവാകേണ്ടതാണ്, അതായത്:—

(ക) മേൽപറഞ്ഞ പ്രകാരമുള്ള നിക്ഷേപങ്ങൾ സംബന്ധിച്ച ചെലവ്;

(ഖ) അങ്ങനെയുള്ള തുക തത്സമയം നിക്ഷേപിച്ചിട്ടുള്ള ഈടുപത്രങ്ങളിൽ നിന്നും ലഭിക്കുന്ന പലിശയും മററു വരുമാനവും നൽകുന്നതിനും, അങ്ങനെയുള്ള മുതൽ സംഖ്യ കോടതിക്ക് വെളിയിൽവച്ച് നൽകുന്നതിനും ഉള്ള ഉത്തരവുകളുടെ ചെലവും, എതിരവകാശികൾ തമ്മിലുള്ള വ്യവഹാരത്തിൽ നിന്ന് ഉണ്ടാകുന്നവയൊഴികെ, അത് സംബന്ധിച്ചുള്ള എല്ലാ നടപടികളുടെയും ചെലവും.

മററു സംഗതികളിൽ കെട്ടിവച്ച തുകകളുടെ നിക്ഷേപം.

33. തൊട്ടുമുകളിലുള്ള വകുപ്പിൽ പറയുന്ന കാരണത്തിനൊഴികെ മറേറതെങ്കിലും, കാരണത്തിന് ഈ ആക്റ്റു പ്രകാരം കോടതിയിൽ ഏതെങ്കിലും തുക കെട്ടിവച്ചിട്ടുള്ളിടത്ത് ആ തുകയിൽ താത്പര്യമുള്ളതോ താത്പര്യമുണ്ടെന്ന് തേർച്ച ചെയ്യുന്നതോ ആയ ഒരു കക്ഷിയുടെ അപേക്ഷയിൻമേൽ, ആ തുക യുക്തമെന്ന് തോന്നുന്ന സർക്കാർ ഈടുപത്രങ്ങളിലോ മററു അംഗീകൃത ഈടുപത്രങ്ങളിലോ നിക്ഷേപിക്കാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും,

അങ്ങനെയുള്ള ഏതെങ്കിലും നിക്ഷേപത്തിൽ നിന്ന് ലഭിക്കുന്ന പലിശയും മററു വരുമാനവും, സ്വരൂപിച്ച് വയ്ക്കുന്നതിനും താത്പര്യമുള്ള കക്ഷികൾക്ക് ആ തുക കെട്ടിവച്ചത് ഏത് വസ്തു സംബന്ധിച്ചാണോ ആ വസ്തുവിൽ നിന്ന് അവർക്ക് കിട്ടുമായിരുന്ന അതേ പ്രയോജനമോ, കഴിയുന്നത്ര അതേ പ്രയോജനമോ, ലഭിക്കുന്ന രീതിയിൽ കൊടുക്കുന്നതിന് നിർദ്ദേശം നൽകാവുന്നതും ആകുന്നു.

**പലിശ കൊടുക്കൽ.**

34. വസ്തു കൈവശം എടുക്കുമ്പോഴോ അതിന് മുമ്പോ അങ്ങനെയുള്ള നഷ്ടപരിഹാരത്തുക കൊടുക്കുകയോ കെട്ടിവയ്ക്കുകയോ ചെയ്യുന്നിടത്ത് അവാർഡ് ചെയ്ത തുക, വസ്തു കൈവശമെടുത്ത തീയതി മുതൽ തുക കൊടുക്കുകയോ കെട്ടിവയ്ക്കുകയോ ചെയ്യുന്നതുവരെയുള്ള കാലത്തേക്കും ആ തുകകളുടെ പ്രതിവർഷം ഒൻപത് ശതമാനം നിരക്കിലുള്ള പലിശ സഹിതം, കളക്ടർ കൊടുക്കേണ്ടതാണ്.

എന്നാൽ വസ്തു കൈവശമെടുക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം പ്രസ്തുത നഷ്ടപരിഹാരത്തുകയോ അതിന്റെ ഏതെങ്കിലും ഭാഗമോ കൊടുക്കുകയോ കെട്ടിവയ്ക്കുകയോ ചെയ്യാത്തപക്ഷം, അങ്ങനെയുള്ള തീയതി കഴിയുന്നതിനു മുമ്പ് കൊടുക്കാതിരുന്നതോ കെട്ടിവയ്ക്കാതിരുന്നതോ ആയ നഷ്ടപരിഹാരത്തുകയ്ക്ക്, അഥവാ അതിന്റെ ഭാഗത്തിന്, ഒരു വർഷം കഴിയുന്ന തീയതി മുതൽ പ്രതിവർഷം പതിനഞ്ചു ശതമാനം നിരക്കിൽ പലിശ കൊടുക്കേണ്ടതാണ്.

## ഭാഗം VI

### വസ്തു കുറച്ചുകാലത്തേക്ക് കൈവശം എടുക്കൽ

**തരിശ് ഭൂമിയോ കൃഷി യോഗ്യമായ ഭൂമിയോ കുറച്ചുകാലത്തേക്ക് കൈവശമെടുക്കൽ—നഷ്ടപരിഹാരത്തുകയിൽ വ്യത്യാസമുള്ളപ്പോൾ ഉള്ള നടപടി.**

35. (1) ഈ ആക്റ്റിന്റെ VII-ാം ഭാഗത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, ഏതെങ്കിലും തരിശുഭൂമിയോ കൃഷിയോഗ്യമായ ഭൂമിയോ കുറച്ചു കാലത്തേക്ക് കൈവശം എടുക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നത് ഏതെങ്കിലും പൊതുക്കാര്യത്തിനോ കമ്പനിക്കാര്യത്തിനോ ആവശ്യമാണെന്ന് സമുചിത സർക്കാരിന് തോന്നുന്നപക്ഷം, പ്രസ്തുത ഭൂമി സമുചിത സർക്കാരിന് യുക്തമെന്നു തോന്നുന്ന വ്യവസ്ഥകളിൻമേൽ, കൈവശമെടുക്കുന്നതു മുതൽ മൂന്നു വർഷത്തിൽ കവിയാത്ത കാലത്തേക്ക് കൈവശമെടുത്ത് ഉപയോഗിക്കുന്നതിന് കളക്ടറോട് ആജ്ഞാപിക്കാവുന്നതാണ്.

(2) അതിൻമേൽ കളക്ടർ ആ വസ്തു ഏത് ആവശ്യത്തിനാണ് വേണ്ടത് എന്നു കാണിച്ചുകൊണ്ട് വസ്തുവിൽ താത്പര്യമുള്ള ആളുകൾക്ക് രേഖാമൂലം നോട്ടീസ് നൽകേണ്ടതും, മേൽപ്പറഞ്ഞ കാലത്തേക്ക് അത് കൈവശം എടുക്കുന്നതിനും ഉപയോഗിക്കുന്നതിനും അതിൽ നിന്ന് എടുക്കുന്ന സാധനങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്കും, കളക്ടറും അങ്ങനെയുള്ള ആളുകളുമായി യഥാക്രമം രേഖാമൂലം സമ്മതിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരത്തുക ഒന്നായോ മാസം തോറുമോ മററു നിശ്ചിത കാലാവധികളിലോ അവർക്ക് നൽകേണ്ടതും ആകുന്നു.

(3) കളക്ടറും താത്പര്യമുള്ള ആളുകളും നഷ്ടപരിഹാരത്തിന്റെ പര്യാപ്തതയേയോ അതു വീതംവയ്ക്കുന്നതു സംബന്ധിച്ചോ യോജിപ്പിലെത്തുന്നില്ലെങ്കിൽ, അങ്ങനെയുള്ള അഭിപ്രായ വ്യത്യാസം കോടതിയുടെ തീരുമാനത്തിനായി കളക്ടർ റഫർ ചെയ്യേണ്ടതാണ്.

**പ്രവേശിക്കുന്നതിനും കൈവശമെടുക്കുന്നതിനുമുള്ള അധികാരവും തിരിച്ചേല്പ്പിക്കുമ്പോൾ നല്കേണ്ട നഷ്ടപരിഹാരത്തുകയും.**

36. (1) അങ്ങനെയുള്ള നഷ്ടപരിഹാരത്തുക കൊടുത്ത ശേഷമോ ഉടമ്പടി ഒപ്പിട്ടു പൂർത്തീകരിച്ച ശേഷമോ 35-ാം വകുപ്പുപ്രകാരം റഫർ ചെയ്ത ശേഷമോ കളക്ടർക്ക് വസ്തുവിൽ പ്രവേശിച്ച് അത് കൈവശമെടുക്കുകയും മേൽപറഞ്ഞ നോട്ടീസിലെ ഉപാധികളനുസരിച്ച് വസ്തു ഉപയോഗിക്കുകയും ഉപയോഗിക്കാൻ അനുവദിക്കുകയും ചെയ്യാവുന്നതാണ്.

(2) കാലാവധി അവസാനിക്കുന്നതിൻമേൽ, വസ്തുവിന് ഉണ്ടായതും ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമായ നാശനഷ്ടം വല്ലതുമുണ്ടെങ്കിൽ അതിനു കളക്ടർ നഷ്ടപരിഹാരം നൽകുകയോ അതിനു തയ്യാറാകുകയോ ചെയ്യേണ്ടതും, വസ്തുവിൽ താത്പര്യമുള്ള ആളുകളെ അത് തിരിച്ചേൽപ്പിക്കേണ്ടതും ആകുന്നു:

എന്നാൽ, പ്രസ്തുത കാലാവധി ആരംഭിക്കുന്നതിനു തൊട്ടുമുമ്പ് വസ്തു ഉപയോഗിച്ചിരുന്ന കാര്യം സംബന്ധിച്ചിടത്തോളം സ്ഥിരം ഉപയോഗശൂന്യമായി ത്തീർന്നിട്ടുള്ളിടത്തും, താത്പ്പര്യമുള്ള ആളുകൾ ആവശ്യപ്പെടുന്നിടത്തും സമുചിത സർക്കാരിന് ആ വസ്തു പൊതുക്കാര്യത്തിനോ ഒരു കമ്പനിക്കാര്യത്തിനോ സ്ഥിര മായി ആവശ്യമായിരുന്നാലെന്നപോലെ, ഈ ആക്റ്റുപ്രകാരം പ്രസ്തുത സ്ഥലം ആർജ്ജിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

37. കളക്ടറും താത്പര്യമുള്ള ആളുകളും തമ്മിൽ കാലാവധി അവസാനിക്കു മ്പോഴത്തെ വസ്തുവിന്റെ അവസ്ഥ സംബന്ധിച്ചോ, മേൽപ്പറഞ്ഞ ഉടമ്പടിയു മായി ബന്ധപ്പെട്ട ഏതെങ്കിലും സംഗതി സംബന്ധിച്ചോ, അഭിപ്രായ വ്യത്യാസ മുണ്ടാകുന്നപക്ഷം, പ്രസ്തുത അഭിപ്രായ വ്യത്യാസം കോടതിയുടെ തീരുമാന ത്തിന് കളക്ടർ റഫർ ചെയ്യേണ്ടതാണ്. **വസ്തുവിന്റെ അവസ്ഥ സംബന്ധിച്ച അഭിപ്രായ വ്യത്യാസം.**

## ഭാഗം VII

### കമ്പനികൾക്കുവേണ്ടി വസ്തു ആർജ്ജിക്കൽ

38. (വിട്ടുകളഞ്ഞു)

38ക. ഒരു വ്യക്തിയുടെയോ വ്യക്തികളുടെ ഒരു സമാജത്തിന്റെയോ ഉടമയിലുള്ളതും സാധാരണ നൂറിൽ കുറയാത്ത തൊഴിലാളികളുള്ളതും ആയ കമ്പനി അല്ലാത്ത ഒരു വ്യവസായ സ്ഥാപനം, അതിന്റെ തൊഴിലാളികൾക്ക് പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനോ അതുമായി നേരിട്ടു ബന്ധമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന ആവശ്യത്തിനോ വസ്തു ആർജ്ജിക്കുവാൻ താത്പര്യപ്പെടുന്നിടത്ത്, അങ്ങനെ യുള്ള വസ്തു ആർജ്ജിക്കുന്നതു സംബന്ധിച്ചിടത്തോളം ഈ ഭാഗത്തിന്റെ ആവശ്യങ്ങൾക്ക്, ഒരു കമ്പനിയായി പരിഗണിക്കപ്പെടുന്നതും 4, 5ക., 6, 7, 50 എന്നീ വകുപ്പുകളിൽ കമ്പനിയെക്കുറിച്ചുള്ള പരാമർശം അങ്ങനെയുള്ള സ്ഥാപ നത്തെ സംബന്ധിച്ച പരാമർശമായി കണക്കാക്കേണ്ടതും ആകുന്നു. **ചില ആവശ്യ ങ്ങൾക്ക് വ്യവ സായ സ്ഥാപ നത്തെ കമ്പനി യായി പരിഗണി ക്കണമെന്ന്**

39. 6 മുതൽ 16 വരെ (രണ്ടും ഉൾപ്പെടെ) ഉള്ള വകുപ്പുകളിലേയും 18 മുതൽ 37 വരെ (രണ്ടും ഉൾപ്പെടെ) ഉള്ള വകുപ്പുകളിലെയും വ്യവസ്ഥ സമുചിത സർക്കാരിന്റെ മുൻകൂട്ടിയുള്ള സമ്മതമില്ലാതെയും കമ്പനി ഇതിനു ശേഷം പറയുന്ന ഉടമ്പടി ഒപ്പിട്ടു പൂർത്തീകരിക്കാതിരിക്കുന്ന പക്ഷവും ഈ ഭാഗ പ്രകാരം ഏതെങ്കിലും കമ്പനിക്കുവേണ്ടി വസ്തു ആർജ്ജിക്കുന്നതിനായി പ്രയോ ഗിക്കാൻ പാടുള്ളതല്ല. **സമുചിത സർക്കാരിന്റെ മുൻകൂട്ടിയുള്ള സമ്മതവും ഉടമ്പടി ഒപ്പിട്ടു പൂർത്തീകരിക്കലും ആവശ്യ മാണെന്ന്.**

40. (1) അങ്ങനെയുള്ള സമ്മതം, 5ക. വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം കളക്ററർ നൽകുന്ന റിപ്പോർട്ടിൻമേലോ, ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നടത്തിയ ഒരന്വേഷണം വഴിയോ— **മുൻകൂട്ടിയുള്ള അന്വേഷണം.**

(ക) ആർജ്ജനത്തിന്റെ ഉദ്ദേശം, കമ്പനിയുടെ തൊഴിലാളികൾക്ക് പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനോ അതുമായി നേരിട്ടു ബന്ധ മുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോവേണ്ടി വസ്തു സമ്പാദിക്കുകയാണെന്നോ;

(കക) അങ്ങനെയുള്ള ആർജ്ജനം, പൊതു ആവശ്യത്തിനുള്ള ഏതെ ങ്കിലും വ്യവസായത്തിലോ നിർമ്മാണത്തിലോ ഏർപ്പെട്ടിരിക്കു ന്നതോ ഏർപ്പെടാൻ ഉദ്ദേശിച്ചുകൊണ്ട് നടപടി എടുക്കു ന്നതോ ആയ ഒരു കമ്പനിക്ക് ഏതെങ്കിലും കെട്ടിടമോ എടുപ്പോ നിർമ്മിക്കുന്നതിന് ആവശ്യമാണെന്നോ;

(ഖ) അങ്ങനെയുള്ള ആർജ്ജനം പൊതുജനങ്ങൾക്ക് പ്രയോജനകരമായി ത്തീരാൻ ഇടയുള്ള ഏതെങ്കിലും എടുപ്പു നിർമ്മിക്കുന്നതിന് വേണ്ടിയാണെന്നോ,

സമുചിത സർക്കാരിനു ബോദ്ധ്യമാകാത്തപക്ഷം, നൽകാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള അന്വേഷണ വിചാരണ സമുചിത സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും വച്ച് നടത്തേണ്ടതാണ്.

(3) അങ്ങനെയുള്ള ഉദ്യോഗസ്ഥന്, ഒരു സിവിൽ കോടതിയുടെ സംഗതിയിൽ 1908–ലെ സിവിൽ നടപടി നിയമസംഹിത (1908–ലെ 5) വ്യവസ്ഥ ചെയ്യുന്ന അതേ മാർഗ്ഗങ്ങൾ ഉപയോഗിച്ചും കഴിയുന്നത്ര അതേ രീതിയിലും സാക്ഷികളെ സമൺ ചെയ്യുകയും അവരെ ഹാജരാകാൻ നിർബന്ധിക്കുകയും രേഖകൾ ഹാജരാക്കിക്കുകയും ചെയ്യാവുന്നതാണ്.

**സമുചിത സർക്കാരുമായുള്ള ഉടമ്പടി.**

41. 5ക. വകുപ്പ് (2)–ാം ഉപവകുപ്പുപ്രകാരം കളക്ടർ നൽകിയ റിപ്പോർട്ട് ഏതെങ്കിലുമുണ്ടെങ്കിൽ അതോ 40–ാം വകുപ്പുപ്രകാരം അന്വേഷണ വിചാരണ നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ പരിഗണിച്ചശേഷം നിർദ്ദിഷ്ട ആർജ്ജനം 40–ാം വകുപ്പ് (1)–ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിലോ (കക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനാണെന്ന് സമുചിത സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം, താഴെ പറയുന്ന കാര്യങ്ങൾക്ക് സമുചിത സർക്കാരിനു തൃപ്തികരമായ രീതിയിൽ വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഒരു ഉടമ്പടി ഉണ്ടാക്കുന്നതിന് കമ്പനിയോട് ആവശ്യപ്പെടേണ്ടതാണ്, അതായത്:—

(1) വസ്തു ആർജ്ജിക്കുന്നതിനുള്ള ചെലവ് സമുചിത സർക്കാരിനു നൽകുക;

(2) അപ്രകാരം തുക നൽകുന്നതിൻമേൽ, വസ്തു കമ്പനിക്ക് കൈമാററം ചെയ്യുക;

(3) കമ്പനിവസ്തു കൈവശം വയ്ക്കുന്നത് ഏത് ഉപാധികൾക്ക് വിധേയമായാണെന്ന്;

(4) വസ്തു ആർജ്ജിക്കുന്നത് പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനോ അതു സംബന്ധിച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ ആയിരിക്കുന്നിടത്ത് ആ പാർപ്പിടങ്ങൾ നിർമ്മിക്കുന്നതും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും എത്ര സമയത്തിനകമാണെന്നും ഏതു വ്യവസ്ഥകളിൻമേലാണെന്നും ഏതു രീതിയിലാണെന്നും;

(4ക.) വസ്തു ആർജ്ജിക്കുന്നത് പൊതു ആവശ്യത്തിനുള്ള ഏതെങ്കിലും വ്യവസായത്തിലോ നിർമ്മാണത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെടാൻ ഉദ്ദേശിക്കുന്നതോ ആയ ഒരു കമ്പനിക്ക് ഏതെങ്കിലും കെട്ടിടമോ എടുപ്പോ നിർമ്മിക്കുന്നതിനായിരിക്കുന്നിടത്ത്, കെട്ടിടം നിർമ്മിക്കുന്നതും എടുപ്പു പൂർത്തീയാക്കുന്നതും എത്ര സമയത്തിനകമാണെന്നും ഏതു വ്യവസ്ഥകളിൻമേലാണെന്നും;

(5) വസ്തു ആർജ്ജിക്കുന്നത് മറേറതെങ്കിലും എടുപ്പു നിർമ്മിക്കുന്നതിനായിരിക്കുന്നിടത്ത്, എടുപ്പ് പൂർത്തിയാക്കുന്നതും അററകുററപ്പണികൾ നടത്തുന്നതും എത്ര സമയത്തിനകമാണെന്നും ഏതു വ്യവസ്ഥകളിൻമേലാണെന്നും പൊതുജനങ്ങൾക്ക് ആ എടുപ്പ് ഉപയോഗിക്കാൻ അവകാശമുണ്ടായിരിക്കുന്നത് ഏതു ഉപാധികളിൻമേലാണെന്നും.

**ഉടമ്പടി പ്രസിദ്ധപ്പെടുത്തൽ.**

42. അങ്ങനെയുള്ള എല്ലാ ഉടമ്പടികളും, അത് ഒപ്പിട്ടു പൂർത്തീകരിച്ചശേഷം കഴിയുന്നത്ര വേഗം ഔദ്യോഗിക ഗസററിൽ പ്രസിദ്ധീകരിക്കേണ്ടതും അതിൻമേൽ (പൊതുജനങ്ങൾക്ക് ആ എടുപ്പു ഉപയോഗിക്കാൻ അവകാശം നൽകുന്ന വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം) ആ ഉടമ്പടിക്ക് അതു ഈ ആക്ററിന്റെ ഭാഗമായിരുന്നാലെന്നപോലെ പ്രാബല്യമുണ്ടായിരിക്കുന്നതും ആകുന്നു.

**ഉടമ്പടി സർക്കാരിനു ബാധകമായിരിക്കുന്നിടത്ത് 39 മുതൽ 42 വരെയുള്ള വകുപ്പുകൾക്ക് പ്രാബല്യം ഇല്ലെന്ന്.**

43. ഒരു റെയിൽവേ കമ്പനിയുമായോ മററു കമ്പനിയുമായോ ഉണ്ടാക്കിയ ഏതെങ്കിലും ഉടമ്പടിപ്രകാരം അവയ്ക്ക് വസ്തു നൽകാൻ സെക്രട്ടറി ഓഫ് സ്റേററ് ഫോർ ഇൻഡ്യ ഇൻ കൗൺസിലിനോ സെക്രട്ടറി ഓഫ് സ്റേറററിനോ കേന്ദ്രസർക്കാരിനോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോ ബാദ്ധ്യതയുള്ളിടത്തും ഉണ്ടായിരുന്നിടത്തും അങ്ങനെയുള്ള റെയിൽവേയ്ക്കോ മററു കമ്പനിക്കോ വേണ്ടി വസ്തു ആർജ്ജിക്കുമ്പോൾ 39 മുതൽ 42 വരെ (രണ്ടും ഉൾപ്പെടെയുള്ള) വകുപ്പുകളിലെ വ്യവസ്ഥകൾക്കും, 1870–ലെ വസ്തു ആർജ്ജനം ആക്ററിലെ തത്സ്ഥാനീയ വ്യവസ്ഥകൾക്കും പ്രാബല്യം ഇല്ലാതിരിക്കുന്നതും ഒരിക്കലും പ്രാബല്യം ഉണ്ടായിരുന്നില്ല എന്നു കരുതപ്പെടുന്നതും ആകുന്നു.

*റെയിൽവെ കമ്പനിയുമായുള്ള ഉടമ്പടി എങ്ങനെ തെളിയിക്കാമെന്ന്*

44. ഒരു റെയിൽവേ കമ്പനിക്കുവേണ്ടി വസ്തു ആർജ്ജിക്കുന്നിടത്ത് സർക്കാർ ഉത്തരവുപ്രകാരം അച്ചടിച്ചതെന്നു കരുതാവുന്ന ഒരു അച്ചടിച്ചപ്രതി ഹാജരാക്കിക്കൊണ്ട് 43–ാം വകുപ്പിൽ പറയുന്നപ്രകാരമുള്ള ഒരു ഉടമ്പടി ഉണ്ടെന്നു തെളിയിക്കാവുന്നതാണ്.

*കൈമാറ്റം മുതലായവയിൽ നിയന്ത്രണം*

44ക. സമുചിത സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഈ ഭാഗപ്രകാരം വസ്തു ആർജ്ജിച്ച യാതൊരു കമ്പനിക്കും ഏതെങ്കിലും വസ്തുവോ അതിന്റെ ഭാഗമോ വില്പനയോ ഒറ്റിയോ ഇഷ്ടദാനമോ പാട്ടമോ വഴിയോ മറ്റു വിധത്തിലോ കൈമാറ്റം ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതല്ല.

*ചില പ്രത്യേക ആവശ്യങ്ങൾക്കല്ലാതെ സർക്കാർ കമ്പനികളല്ലാത്തസ്വകാര്യ കമ്പനികൾക്കുവേണ്ടി ഈ ഭാഗപ്രകാരം വസ്തു ആർജ്ജിക്കാൻ പാടില്ലെന്ന്*

44ഖ. ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 40–ാം വകുപ്പ് (1)–ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പറയുന്ന ആവശ്യത്തിനല്ലാതെ സർക്കാർ കമ്പനിയല്ലാത്ത ഒരു സ്വകാര്യ കമ്പനിക്കുവേണ്ടി ഈ ഭാഗപ്രകാരം യാതൊരു വസ്തുവും ആർജ്ജിക്കാൻ പാടുള്ളതല്ല.

വിശദീകരണം.—"സ്വകാര്യ കമ്പനി'', ''സർക്കാർ കമ്പനി'' എന്നിവയ്ക്ക് 1956–ലെ കമ്പനി ആക്റ്റിൽ (1956–ലെ 1) അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

## ഭാഗം VIII

### പലവക

*നോട്ടീസ് നടത്തൽ*

45. (1) ഈ ആക്റ്റുപ്രകാരമുള്ള ഏതൊരു നോട്ടീസും നടത്തുന്നത്, 4–ാം വകുപ്പു പ്രകാരമുള്ള നോട്ടീസിന്റെ സംഗതിയിൽ, ആ വകുപ്പിൽ പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥനോ മറ്റേതൊരു നോട്ടീസിന്റെ സംഗതിയിലും കളക്റ്ററോ ജഡ്ജിയോ അവരുടെ ഉത്തരവുപ്രകാരമോ ഒപ്പിട്ടു നോട്ടീസിന്റെ ഒരു പകർപ്പ് ഏല്പിച്ചു കൊടുത്തുകൊണ്ടോ കൊടുക്കാൻ വച്ചു നീട്ടിക്കൊണ്ടോ ആയിരിക്കേണ്ടതാണ്.

(2) പ്രായോഗികമായിരിക്കുന്നിടത്തെല്ലാം, നോട്ടീസ് നടത്തുന്നത് അതിൽ പറഞ്ഞിട്ടുള്ള ആളിന് നേരിട്ടായിരിക്കേണ്ടതാണ്.

(3) അങ്ങനെയുള്ള ആളിനെ കണ്ടുപിടിക്കാൻ കഴിയാത്തിടത്ത് അയാളുടെ കൂടെ താമസിക്കുന്നതും അയാളുടെ കുടുംബത്തിലെ അംഗവുമായ പ്രായപൂർത്തിയായ ഏതൊരു പുരുഷനെയും ഏല്പിക്കാവുന്നതും, അങ്ങനെ പ്രായപൂർത്തിയായ യാതൊരു പുരുഷനെയും കണ്ടുകിട്ടുന്നില്ലെങ്കിൽ, നോട്ടീസ്, അയാൾ സാധാരണ താമസിക്കുന്നതോ തൊഴിൽ ചെയ്യുന്നതോ ആയ വീടിന്റെ പുറം വാതിലിൽ പതിച്ചോ. അതിന്റെ ഒരു പകർപ്പ് മേല്പറഞ്ഞ ഉദ്യോഗസ്ഥന്റെയോ കളക്റ്ററുടെയോ ഓഫീസിലോ അല്ലെങ്കിൽ കോടതിയിലോ ശ്രദ്ധേയമായ ഏതെങ്കിലും സ്ഥലത്തും ആർജ്ജിക്കാനുള്ള വസ്തുവിന്റെ ശ്രദ്ധേയമായ ഏതെങ്കിലും ഭാഗത്തും പതിച്ചോ നടത്താവുന്നതാണ്:

എന്നാൽ കളക്ടറോ ജഡ്ജിയോ അപ്രകാരം നിർദ്ദേശിക്കുകയാണെങ്കിൽ, നോട്ടീസ്, അതിൽ പറഞ്ഞിട്ടുള്ള ആളുടെ ഒടുവിലത്തെ അറിയാവുന്ന താമസസ്ഥലത്തേക്കോ മേൽവിലാസത്തിലോ തൊഴിൽസ്ഥലത്തേക്കോ എഴുതിയ ഒരു കത്തിൽ 1898–ലെ ഇൻഡ്യൻ പോസ്റ്റാഫീസ് ആക്റ്റ് (1898–ലെ 6) 28–ം 29–ം വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്ത് തപാൽ മാർഗ്ഗം അയയ്ക്കാവുന്നതും അതു നടത്തി എന്നുള്ളത് മേൽവിലാസക്കാരന്റെ രസീത് ഹാജരാക്കി തെളിയിക്കാവുന്നതും ആകുന്നു.

*വസ്തുവിന്റെ ആർജ്ജനം തടസ്സപ്പെടുത്തുന്നതിനുള്ളശിക്ഷ*

46. 4–ാം വകുപ്പോ 8–ാം വകുപ്പോ അധികാരപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിലേതെങ്കിലും ചെയ്യുന്ന ഒരാളെ മന:പൂർവ്വം തടസ്സപ്പെടുത്തുകയോ, 4–ാം വകുപ്പുപ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും കിടങ്ങോ അടയാളമോ മന:പൂർവ്വം നീക്കുകയോ നശിപ്പിക്കുകയോ കേടു വരുത്തുകയോ മാറ്റുകയോ ചെയ്യുന്ന ഏതൊരാളെയും മജിസ്ട്രേട്ടിന്റെ മുൻപാകെ അയാളുടെമേൽ കുറ്റം സ്ഥാപിക്കുന്നതിൻമേൽ, ഒരു മാസത്തിൽ കവിയാത്ത കാലത്തെ തടവിനോ അഞ്ഞൂറു രൂപയിൽ കവിയാത്ത പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതാണ്.

**മജിസ്ട്രേട്ട് വസ്തു വിട്ടു കൊടുപ്പിക്കണമെന്ന്**

47. ഏതെങ്കിലും വസ്തു ഈ ആക്ററുപ്രകാരം കൈവശമെടുക്കുന്നതിൽ, കളക്റററെ ചെറുക്കുകയോ അയാൾക്കു തടസ്സമുണ്ടാക്കുകയോ ആണെങ്കിൽ അയാൾ, ഒരു മജിസ്ട്രേററ് ആണെങ്കിൽ അയാൾക്ക് സ്വയം വിട്ടുകൊടുപ്പിക്കാവുന്നതും, ഒരു മജിസ്ട്രേട്ടല്ലെങ്കിൽ, അയാൾ ഒരു മജിസ്ട്രേട്ടു മുൻപാകെയും (മദ്രാസ്, ബോംബേ, കൽക്കട്ട എന്നീ പട്ടണങ്ങളിലാണെങ്കിൽ) പോലീസ് കമ്മീഷണർ മുൻപാകെയും അപേക്ഷിക്കേണ്ടതും, അങ്ങനെയുള്ള മജിസ്ട്രേട്ടും കമ്മീഷണറും (അതതു സംഗതിപോലെ) അ വസ്തു കളക്ററർക്ക് വിട്ടുകൊടുപ്പിക്കേണ്ടതും ആകുന്നു.

**ആർജ്ജനം പൂർത്തിയാക്കുന്നതു നിർബന്ധിതമല്ല, എന്നാൽപൂർത്തിആയില്ലെങ്കിലും നഷ്ടപരിഹാരം നല്കണമെന്ന്**

48. (1) 36–ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള സംഗതിയിലൊഴികെ, സർക്കാരിന്, കൈവശം എടുത്തിട്ടില്ലാത്ത ഏതൊരു വസ്തുവും ആർജ്ജിക്കുന്നതിൽ നിന്ന് പിൻമാറാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ആർജ്ജനത്തിൽ നിന്ന് സർക്കാർ പിൻമാറുമ്പോഴെല്ലാം, നോട്ടീസിൻെറയോ അതിൻപ്രകാരമുള്ള നടപടികളുടേയോ ഫലമായി ഉടമസ്ഥന് നേരിട്ട നാശനഷ്ടത്തിനു നല്കേണ്ട നഷ്ടപരിഹാരത്തുക എത്രയെന്ന് കളക്ററർ നിശ്ചയിക്കേണ്ടതും താത്പര്യമുള്ള ആൾക്ക് അങ്ങനെയുള്ള തുക മേല്പറഞ്ഞ വസ്തു സംബന്ധിച്ച് ഈ ആക്ററു പ്രകാരമുള്ള നടപടികളിൽ അയാൾക്കുണ്ടായ ന്യായമായ എല്ലാ ചിലവുകളും സഹിതം നല്കേണ്ടതും ആകുന്നു.

(3) ഈ വകുപ്പ് പ്രകാരം കൊടുക്കേണ്ട നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിന് ഈ ആക്ററ് III–ാം ഭാഗത്തിലെ വ്യവസ്ഥകൾ, ആകുന്നത്ര, ബാധകമാകുന്നതാണ്.

**വീടിൻെറയോ കെട്ടിടത്തിൻെറയോ ഭാഗം ആർജ്ജിക്കൽ**

49. (1) ഏതെങ്കിലും വീടിൻെറയോ നിർമ്മാണശാലയുടേയോ മററു കെട്ടിടത്തിൻെറയോ മുഴുവൻഭാഗവും ആർജ്ജിക്കണമെന്ന് അതിൻെറ ഉടമസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം, അങ്ങനെയുള്ള വീടിൻെറയോ നിർമ്മാണശാലയുടെയോ കെട്ടിടത്തിൻെറയോ ഒരു ഭാഗം മാത്രം ആർജ്ജിക്കുന്നതിനു ഈ ആക്ററിലെ വ്യവസ്ഥകൾ പ്രയോഗിക്കാൻ പാടുള്ളതല്ല:

എന്നാൽ 11–ാം വകുപ്പുപ്രകാരം കളക്ററർ തൻെറ അവാർഡ് പാസ്സാക്കുന്നതിനു മുൻപ് ഏതൊരു സമയത്തും ഉടമസ്ഥന് ആ വീടിൻെറയോ നിർമ്മാണശാലയുടെയോ കെട്ടിടത്തിൻെറയോ മുഴുവൻ ഭാഗവും വിലയ്ക്കെടുക്കണമെന്ന തൻെറ ആവശ്യം രേഖാമൂലമുള്ള നോട്ടീസ് വഴി പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്:

എന്നു മാത്രമല്ല ഈ ആക്ററ്പ്രകാരം എടുക്കാനുദ്ദേശിക്കുന്ന ഏതെങ്കിലും വസ്തു, ഈ വകുപ്പിൻെറ അർത്ഥത്തിൽ ഒരു വീടിൻെറയോ നിർമ്മാണശാലയുടെയോ കെട്ടിടത്തിൻെറയോ ഭാഗമാണോ അല്ലയോ എന്നതു സംബന്ധിച്ച എന്തെങ്കിലും തർക്കം ഉണ്ടാകുകയാണെങ്കിൽ കളക്ററർ അതു കോടതിയുടെ തീരുമാനത്തിന് അയയ്ക്കേണ്ടതും തർക്കം സംബന്ധിച്ചു കോടതിയുടെ തീരുമാനം ഉണ്ടാകുന്നതുവരെ ആ വസ്തു കൈവശമെടുക്കാൻ പാടില്ലാത്തതും ആകുന്നു.

അങ്ങനെ അയച്ചുകൊടുത്ത തർക്കം തീരുമാനിക്കുമ്പോൾ കോടതി, ആർജ്ജിക്കാനുദ്ദേശിക്കുന്ന വസ്തു വീടിൻെറയോ നിർമ്മാണശാലയുടെയോ കെട്ടിടത്തിൻെറയോ പൂർണ്ണവും വിഘ്നം കൂടാതെയുമുള്ള ഉപയോഗത്തിനു ന്യായമായി ആവശ്യമുള്ളതാണോ എന്ന കാര്യം കണക്കിലെടുക്കേണ്ടതാണ്.

(2) താൽപ്പര്യമുള്ള ആൾക്ക് ആർജ്ജിക്കാനുദ്ദേശിക്കുന്ന വസ്തു അയാളുടെ മററു വസ്തുക്കളിൽ നിന്നും വേർപെടുത്തുന്നതിൻെറ അടിസ്ഥാനത്തിൽ 23–ാം വകുപ്പ് (1)–ാം ഉപവകുപ്പ് മൂന്നാം ഖണ്ഡപ്രകാരം ഏതെങ്കിലും തേർച്ച ഉന്നയിക്കുന്നിടത്തു ആ തേർച്ച അന്യായമാണെന്നോ അമിതമാണെന്നോ സമുചിത സർക്കാരിന് അഭിപ്രായമുള്ള പക്ഷം കളക്ററർ അവാർഡു പാസ്സാക്കുന്നതിനു മുൻപ് ഏതു സമയത്തും ആർജ്ജിക്കാനുദ്ദേശിച്ച വസ്തു ഏതു വസ്തുവിൻെറ ഭാഗമായിരുന്നുവോ ആ വസ്തുമുഴുവനും ആർജ്ജിക്കാൻ സർക്കാരിനു ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(3) ഇതിനു തൊട്ടുമുൻപ് വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യം സംബന്ധിച്ച് 6 മുതൽ 10 വരെ, രണ്ടും ഉൾപ്പെടെയുള്ള, വകുപ്പുകൾ പ്രകാരം യാതൊരു പുതിയ പ്രഖ്യാപനവും മററു നടപടികളും ആവശ്യമില്ലാത്തതും, എന്നാൽ കളക്ടർ സമുചിത സർക്കാരിൻെറ ഉത്തരവിൻെറ ഒരു പകർപ്പു താത്പര്യമുള്ള ആൾക്ക് താമസം കൂടാതെ നൽകേണ്ടതും, അതിനുശേഷം 11—ാം വകുപ്പുപ്രകാരമുള്ള അവാർഡ് പാസ്സാക്കാൻ നടപടി എടുക്കേണ്ടതും ആകുന്നു.

50. (1) ഒരു തദ്ദേശാധികാരസ്ഥാനത്തിൻെറ നിയന്ത്രണത്തിലോ നടത്തിപ്പിലോ ഉള്ള ഏതെങ്കിലും നിധിയുടെയോ ഒരു കമ്പനിയുടെയോ ചെലവിൽ വസ്തു ആർജ്ജിക്കുന്നതിനായി ഈ ആക്ററിലെ വ്യവസ്ഥകൾ പ്രയോഗിക്കുമ്പോൾ അങ്ങനെയുള്ള ആർജ്ജനത്തിനു വരുന്ന ആനുഷംഗികമായ ചെലവും മററു ചെലവുകളും നിധിയിൽ നിന്ന്, കമ്പനി, നടത്തുകയോ വഹിക്കുകയോ ചെയ്യേണ്ടതാണ്.

ഒരു തദ്ദേശാധികാര സ്ഥാനത്തിൻെറയോ കമ്പനിയുടെയോ ചെലവിൽ വസ്തു ആർജ്ജിക്കൽ

(2) അങ്ങനെയുള്ള സന്ദർഭങ്ങളിൽ, ഒരു കളക്ടറുടെയോ കോടതിയുടെയോ മുൻപാകെ നടക്കുന്ന ഏതൊരു നടപടിയിലും, ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനത്തിനും കമ്പനിക്കും നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതു സംബന്ധിച്ചു ഹാജരാകുകയും തെളിവു നൽകുകയും ചെയ്യാവുന്നതാണ്.

എന്നാൽ അങ്ങനെയുള്ള ഒരു തദ്ദേശാധികാരസ്ഥാനത്തിനോ, കമ്പനിക്കോ 18—ാം വകുപ്പുപ്രകാരം കോടതിക്ക് റഫർ ചെയ്യണമെന്ന് ആവശ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

51. ഈ ആക്ററുപ്രകാരം പാസ്സാക്കുന്ന ഏതെങ്കിലും അവാർഡിനോ ഉണ്ടാക്കുന്ന ഉടമ്പടിക്കോ സ്ററാമ്പുഡ്യൂട്ടി ചുമത്താൻ പാടില്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും അവാർഡോ ഉടമ്പടിയോ പ്രകാരം തേർച്ച ഉന്നയിക്കുന്ന ഏതൊരാൾക്കും അതിൻെറ ഒരു പകർപ്പു ലഭിക്കുന്നതിന് എന്തെങ്കിലും ഫീസ് ഒടുക്കാൻ ബാദ്ധ്യത ഇല്ലാതിരിക്കുന്നതും ആകുന്നു.

സ്ററാമ്പുഡ്യൂട്ടിയിൽ നിന്നും ഫീസിൽ നിന്നും ഒഴിവ്

51എ. ഈ ആക്ററ് പ്രകാരമുള്ള ഏതൊരു നടപടിയിലും 1908—ലെ രജിസ്ട്രേഷൻ ആക്ററുപ്രകാരം രജിസ്ററർ ചെയ്ത ഒരു പ്രമാണത്തിൻെറ സർട്ടിഫൈ ചെയ്ത ഒരു പകർപ്പ്, ആ ആക്ററിൻെറ 57—ാം വകുപ്പുപ്രകാരം നൽകിയ ഒരു പകർപ്പ് ഉൾപ്പെടെ, ആ പ്രമാണത്തിൽ റെക്കാർഡു ചെയ്തിരിക്കുന്ന ഇടപാടിനു തെളിവായി സ്വീകരിക്കാവുന്നതാണ്.

സർട്ടിഫൈ ചെയ്ത പകർപ്പ് തെളിവായി സ്വീകരിക്കൽ

52. ഈ ആക്ററനുസരിച്ച് ചെയ്ത എന്തെങ്കിലും കാര്യം സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരായി, എടുക്കാൻ ഉദ്ദേശിക്കുന്ന നടപടി സംബന്ധിച്ചും അതിൻെറ കാരണത്തെപ്പററിയും ഒരു മാസം മുൻപ് അയാൾക്ക് രേഖാമൂലം നോട്ടീസ് നൽകാതെയും അയാൾ മതിയായ നഷ്ടപരിഹാരം നൽകാൻ തയ്യാറായതിനു ശേഷവും, ഏതെങ്കിലും വ്യവഹാരമോ മററു നടപടികളോ ആരംഭിക്കുകയോ തുടരുകയോ ചെയ്യാൻ പാടുള്ളതല്ല.

ആക്ററ് അനുസരിച്ചു ചെയ്ത എന്തെങ്കിലും കാര്യം സംബന്ധിച്ച വ്യവഹാരങ്ങളുടെ സംഗതിയിൽ നോട്ടീസ്

53. ഈ ആക്ററിൽ അടങ്ങിയിട്ടുള്ള എന്തെങ്കിലുമായി പൊരുത്തപ്പെടാതിരിക്കുന്നിടത്തൊഴികെ, ഈ ആക്ററുപ്രകാരം കോടതി മുൻപാകെ നടക്കുന്ന എല്ലാ നടപടികൾക്കും 1908—ലെ സിവിൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

കോടതി മുൻപാകെയുള്ള നടപടികൾക്കു സിവിൽ നടപടി നിയമസംഹിത ബാധകമായിരിക്കുമെന്നം

54. ആദ്യവിധിയിൽ നിന്നുള്ള അപ്പീലിന് ബാധകമായ 1908—ലെ സിവിൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് വിധേയമായും, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ ഇതിനു വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററു പ്രകാരമുള്ള നടപടികളിൽ കോടതി പാസ്സാക്കിയ അവാർഡിൻമേലും അവാർഡിൻെറ ഏതെങ്കിലും ഭാഗത്തിൻമേലും അപ്പീൽ ബോധിപ്പിക്കാവുന്നത് ഹൈക്കോടതിയിൽ മാത്രം ആയിരിക്കുന്നതും, അങ്ങനെയുള്ള അപ്പീലിൻമേൽ ഹൈക്കോടതി പുറപ്പെടുവിക്കുന്ന വിധിയിൽനിന്നും, 1908—ലെ സിവിൽ നടപടി നിയമസംഹിത 110—ാം വകുപ്പിലും XLV—ാം ഓർഡറിലും അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും ആകുന്നു.

കോടതി മുമ്പാകെയുള്ള നടപടികളിൻമേൽ അപ്പീൽ

**ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.**

55.(1) ഈ ആക്റ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ഉദ്യോഗസ്ഥൻമാർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന്, സമുചിത സർക്കാരിന് ആക്റ്റുമായി പൊരുത്തക്കേടില്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരമുണ്ടായിരിക്കുന്നതും, അങ്ങനെയുണ്ടാക്കിയ ചട്ടങ്ങൾ കാലാകാലം മാറ്റുകയോ കൂടുതൽ ചട്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്യാവുന്നതും ആകുന്നു:

എന്നാൽ ഈ ആക്റ്റിലെ VII–ാം ഭാഗത്തിലെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാർ പ്രയോഗിക്കേണ്ടതും സംസ്ഥാന സർക്കാരുകൾക്കും കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരുകളുടെയും ഉദ്ദ്യോഗസ്ഥൻമാർക്കു മാർഗ്ഗനിർദ്ദേശം നൽകുന്നതിന് അങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടാക്കേണ്ടതും ആകുന്നു:

എന്നു മാത്രമല്ല കേന്ദ്രസർക്കാർ ഉണ്ടാക്കുന്ന അങ്ങനെയുള്ള ഓരോ ചട്ടവും അതു ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം പാർലമെന്റ് സമ്മേളനത്തിൽ ഇരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ രണ്ടോ അതിലധികമോ തുടർച്ചയായ സമ്മേളനങ്ങളിലോ ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മേൽപറഞ്ഞ സമ്മേളനമോ തുടർച്ചയായ സമ്മേളനങ്ങളോ കഴിഞ്ഞ് തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിൽ യോജിക്കുകയോ അഥവാ ആ ചട്ടം ഉണ്ടാക്കാൻ പാടില്ല എന്നതിൽ യോജിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിനു അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതും അഥവാ, അതതു സംഗതിപോലെ, പ്രാബല്യമില്ലാതിരിക്കുന്നതുമാകുന്നു. എന്നാൽ അങ്ങനെയുള്ള ഭേദഗതിവരുത്തലും ദുർബ്ബലപ്പെടുത്തലും ആ ചട്ടപ്രകാരം നേരത്തെ ചെയ്ത ഏതെങ്കിലും കാര്യത്തിന്റെ സാധുതയെ പ്രതികൂലമായി ബാധിക്കാത്തരീതിയിൽ ആയിരിക്കുന്നതാണ്:

കൂടാതെ സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന അങ്ങനെയുള്ള ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം സംസ്ഥാന നിയമനിർമ്മാണ മണ്ഡലം മുമ്പാകെ വയ്ക്കേണ്ടതാണ്.

(2) ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും അവയ്ക്ക് മാറ്റം വരുത്തുന്നതിനും കൂടുതൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും ഉള്ള അധികാരം, പ്രസ്തുത ചട്ടങ്ങൾ ഉണ്ടാക്കുകയോ അവയിൽ മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നത് അവ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനുശേഷമായിരിക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായിരിക്കുന്നതാണ്.

(3) അങ്ങനെയുള്ള എല്ലാ ചട്ടങ്ങളും മാറ്റങ്ങളും ,കൂട്ടിച്ചേർക്കലുകളും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിനുശേഷം അതിന് നിയമപ്രാബല്യം ഉണ്ടായിരിക്കുന്നതും ആകുന്നു.

---